Mr. E. Ikkanda Warriar.—Whatever that may be, I have no objection to the Government giving the land to anybody provided it will be advantageous to us. I never objected to it on the ground that it is going to be assigned to a particular individual. But the price offered, in the light of the discussion that took place here, seems to be very low. Considering the market price now, I am sure that a site like this must fetch at least 600 rupees per cent and not the 200 rupees as proposed by the Government. And in the same way the rent fixed is also too low. The rent in the adjoining properties which you have fixed some time back is much more and considering the future prospects of the locality, the rent also should be increased. These are some of the points which I wish to bring to the notice of the Government and I hope that they will consider all these, before they finally dispose of the matter.

With these words, I beg leave of the House to withdraw my motion.

The motion was withdrawn with leave of the House.

President.—We will now adjourn.

LIBRARY ARCHIVES Kerala Legislative Assembly

The House rose for lunch at 2 p. m. and met again at 3 p.m. with the Deputy President in the Chair.

Motion No. 16.

Mr. T. K. Nayar.—*To reduce the total allotment of Rs. 2,73,665 under Demand No. 1 by Re. 1.*

മിസ്റ്റർ ടി. കെ. നായർ.—സാധുക്കളായ ഉപനാട്ടുകളിൽ കിടക്കുന്നവരിദ്ര നാരായണന്മാർക്കു വീട് പണിയുന്നതിനും മറ്റും കല്ലുവെട്ടി എടുക്കുന്നതിനും കല്ല് അറക്കുന്നതിനും കരിങ്കല്ല് പൊളിച്ചെടുക്കുന്നതിനും സർക്കാരിന്റെ അനുവാദംവേണമെന്നും വളരെനാളായി നടന്നുവരുന്ന ഒരുനടപടിയെ വേണ്ടെന്നുവെച്ചാൽകൊള്ളാമെന്നും സർക്കാരിനോട് അപേക്ഷിക്കുന്നതിനു വേണ്ടി ഞാൻ ഈ കട്ട് മോഷൻ അവതരിപ്പിക്കുന്നതു്. ഈ കൌൺസിലിൽ പുതുതായിവരുന്ന ഒരുവിഷയം അല്ലാ ഇതു. മുൻപും ഈ കാര്യം ഇവിടെ വന്നിട്ടുണ്ടു്. അതു് ഗവർമ്മെണ്ടിനു സ്വീകരിക്കാൻ മടിയുണ്ടായില്ല. ഇപ്പോൾ ഞാൻ ആവശ്യപ്പെടുന്നതു കച്ചവടത്തിനുവേണ്ടി കല്ലുവെട്ടി എടുക്കുന്നവരുടെ ആവശ്യത്തിനുവേണ്ടിഅല്ല. ദരിദ്രന്മാരായിട്ടുള്ളവർക്കു വീടുപണിയുന്ന ആവശ്യത്തിനു, അതായതു് അവനവന്റെ സ്വന്ത ആവശ്യത്തിനു, മാത്രമെങ്കിലും കല്ലുവെട്ടി എടുക്കുന്നതിനും കല്ല് അറക്കുന്നതിനും കരിങ്കല്ല് പൊളിച്ചെടുക്കുന്നതിനും സ്വാതന്ത്ര്യം കൊടുക്കേണ്ടതാണു്. ഈ അനുവാദം വേണമെന്നുള്ളതുതന്നെ ഒരു നിസ്സാര കാര്യമാണു്. ഒരു അണ സ്റ്റാമ്പ് ഒട്ടിച്ചു് ഒരു ഹരജി കൊടുത്താൽ മതി. പക്ഷെ അതിൽ എന്റെ അനുഭവത്തിൽ വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. ആ ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നു് ഞാൻ ഇപ്പോൾ വിസ്തരിച്ചുപറയുന്നില്ല. പറയുകയാണെങ്കിൽ പലതുമുണ്ടാകും. ഒരണ ചിലവു മാത്രമെയുള്ളു എന്നു ഗവർമ്മെണ്ടു പറയുകയാണെങ്കിൽ ഒരണ ചിലവുചെയ്യാനുള്ള മടി അല്ലാ ജനങ്ങൾക്കു ഉള്ളതു്. അതു് ജനങ്ങൾക്കു നിസ്സാരവും ആണു്. അതിൽ ഒളിഞ്ഞു കിടക്കുന്ന ചില ബുദ്ധിമുട്ടുകൾ ആണു് ജനങ്ങളെ വിഷമിപ്പിക്കുന്നതു്. ഇപ്പോൾ ഞാൻ കച്ചവടവിഷയത്തെപ്പറ്റി ആവശ്യപ്പെടുന്നില്ല. വീടുപണി ആവശ്യത്തിനു്, അവനവന്റെ സ്വന്ത ആവശ്യത്തിനു, കച്ചവടത്തിനു അല്ലാ, അവനവന്റെ സ്വന്തം മണ്ണിൽനിന്നും കല്ലുവെട്ടുന്നതിനും, കല്ലറക്കുന്നതിനും, കരിങ്കല്ല് പൊളിക്കുന്നതിനും ഗവർമ്മെണ്ടിന്റെ അനുവാദം ആവശ്യമില്ലെന്നു ആക്ഷേപിക്കുവാൻ ആണു് ഞാൻ ഈ കട് മോഷൻ അവതരിപ്പിക്കുന്നതു്.

മിസ്റ്റർ പി. കുഞ്ഞമ്മേനോൻ.—അവനവന്റെ വീടുപണിയുന്ന ആവശ്യത്തിനു് കല്ലുവെട്ടി എടുക്കുന്നതിനു് ഗവർമ്മെണ്ടിന്റെ അനുവാദം ആവശ്യമില്ലെന്നുള്ള പ്രമേയം ഇതിനുമുമ്പും പലപ്രാവശ്യം ഇവിടെ വന്നിട്ടുണ്ടു്. അപ്പോഴെല്ലാം ഒരു തീരുമാനവുമില്ലാത്ത മറുപടിയാണു് ഉണ്ടായിട്ടുള്ളതു്. വാസ്തവത്തിൽ ഇപ്പോഴത്തെ നിയമംകൊണ്ടു് സാധുക്കൾക്കു് വളരെ ഉപദ്രവം ഉണ്ടാകുന്നു എന്നുള്ളതിനു് സംശയമില്ല. കല്ലുവെട്ടാൻ അപേക്ഷകൊടുത്താൽ പാവപ്പെട്ടവർക്കാരെന്മാർ മേനോന്മാർ മുതലായവർ തഹസീൽദാരോടു ഗ്രൂപാൾചെയ്തു് മറുപടിവന്നു് കല്ലുവെട്ടി എടുക്കുന്നകാര്യം വളരെ വിഷമത്തിലാക്കും. ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നുണ്ടു്. അതുകൊണ്ടു് അവനവന്റെ സ്ഥലത്തുനിന്നാണെങ്കിൽ അവനവന്റെ ആവശ്യത്തിനു് കല്ലുവെട്ടുന്നതിനു് അനുവാദം വേണ്ടെന്നുവയ്ക്കണം. ശാശ്വതമായി വസ്തു അനുഭവത്തിൽ ഇരിക്കുന്ന കുടിയാനും കല്ലുവെട്ടുന്നതിനു് അനുവാദം വേണ്ടെന്നുവയ്ക്കണം. ഇതിനുമുമ്പു് കച്ചവടാവശ്യത്തിനായും കല്ലുവെട്ടുന്നകാര്യംകൂടി കൌൺസിലിന്റെ ആലോചനയ്ക്കു വിഷയീഭവിച്ചിരുന്നു. അന്നു് ആ കാരണം പറഞ്ഞു് ഗവർമ്മെണ്ടു് അതു സ്വീകരിച്ചില്ല. ഇപ്പോൾ ഈ പ്രമേയത്തിൽനിന്നും അതു നീക്കിയിരിക്കുന്നു. അവനവന്റെ സ്വന്ത ആവശ്യത്തിനു് അവനവ് ദോഷം

LIBRARY ARCHIVES Kerala Legislative Assembly

ന്റെ സ്വന്ത ഭൂമിയിൽനിന്നു കല്ലുവെട്ടുന്നതിനും കല്ല അടുക്കുന്നതിനുമുള്ള അനുവാദം വേണ്ടെന്നുവെയ്ക്കണം' എന്നാണ് ഇപ്പോഴത്തെ പ്രമേയത്തിൽ പറയുന്നത്. ഈ ഒരു വിഷയം എന്റെ നിയോജകമണ്ഡലത്തിനു പ്രത്യേകമായിട്ടുള്ളതാകകൊണ്ടു എനിക്കും പ്രത്യേകമായിട്ടുള്ളതാണ്. അതുകൊണ്ടാൽ അതിനെപ്പറ്റി ഞാൻ ഇവിടെ അനുകൂലിച്ചുപറഞ്ഞാൽ മിനിഞ്ഞാന്നു ഞാൻ ചെയ്തിട്ടുള്ള ഒരു അപരാധത്തിനു കടപടി ആവുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഒരണ സ്റ്റാമ്പ് ഒട്ടിച്ചു അപേക്ഷിച്ചാൽ അനുവാദം കിട്ടുമെന്നുള്ളതു ഒരു നിയമമാണ്. അതു നടത്തുന്നതിൽ സാമാന്യത്തിലധികം ചില ബുദ്ധിമുട്ടുകൾ എടുപ്പെടുന്നുണ്ട്. ഗവമ്മെണ്ടിന്റെ ആദായം കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞങ്ങൾ ഈ ആക്ഷേപം പുറപ്പെടുവിക്കുന്നത്. പഴയന്നൂർ മെംബർ പറഞ്ഞതുപോലെ ഒരണയുടെ സ്റ്റാമ്പു ഒട്ടിച്ചു ഒരു അരജി കൊടുത്താൽ അനുവാദംകിട്ടുന്നതിനു വളരെ ചിലവും ബുദ്ധിമുട്ടും ഉണ്ടെന്നു പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. അരജി കൊടുക്കുന്ന കാര്യത്തിലാണ് ബുദ്ധിമുട്ട ഇല്ലാത്തതു. അതിനെപ്പറ്റി ആലോചിച്ചു വിചാരണചെയ്തു മറുപടി കിട്ടുമ്പോഴേക്കും കാലതാമസം അധികം ആവുന്നതിനാൽ അപ്പോഴേക്കും കല്ലിനു ആവശ്യമില്ലെന്നു വന്നേയ്ക്കാം. അനുവാദം വേണമെന്നു ഗവമ്മെണ്ടു നിശ്ചയിച്ചിട്ടുള്ളതിനും ചില കാരണങ്ങൾ ഇല്ലാതല്ല എന്നു പറയാൻ ഞങ്ങൾ തയ്യാറുമില്ല. എല്ലാറ്റിനും ചില നിബന്ധനകൾ ആവശ്യമാണ്. അതിനെ ഉദ്ദേശിച്ചുചെയ്തിട്ടുള്ള ഏടുപ്പാടുകൾകൊണ്ടു ജനങ്ങൾക്കു ഉപദ്രവം ഉണ്ടായില്ലെങ്കിൽ തരക്കേടില്ല. ഇപ്പോഴത്തെ ഈ നിയമംകൊണ്ടു ജനങ്ങൾക്കു ഉപകാരത്തേക്കാൾ അധികം ഉപദ്രവമാണ് നേരിടുന്നതു. അതുകൊണ്ടു അവനവന്റെ സ്വന്ത ആവശ്യത്തിനു കല്ലുവെട്ടുന്നതിനും മറ്റും അനുവാദം കൊടുക്കുന്നതായാൽ ഈ കുഴപ്പങ്ങൾ കൂടാതെ കഴിക്കാം. അങ്ങിനെ ഒരു ഏടുപ്പാടു ചെയ്യുന്നതായാൽ പൊതുജനങ്ങൾക്കു വളരെ ഉപകാരവും സന്തോഷവുമായിരിക്കും. ഗവമ്മെണ്ടിനു അതുകൊണ്ടു പറയത്തക്ക നഷ്ടമൊന്നും എടുപ്പെടുന്നതുമല്ല. അതുകൊണ്ടു ഗവമ്മെണ്ടു ദയവായി ആലോചിച്ചു ഈ കാര്യത്തിൽ എളുപ്പമായ ഒരു മാർഗ്ഗം ഉണ്ടാക്കിത്തരുവാനാണ് ഞാൻ ഇത്രയും പറഞ്ഞതു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—കല്ല മാത്രമല്ല, മണ്ണു കിളക്കുന്നതിനും ഗവമ്മെണ്ടിനു പ്രത്യേകം നികുതി ചുമത്താൻ പാടില്ലെന്നാണ് ഞാൻ പറയുന്നതു.

Depuity Pesident.—The point of the cut motion is laterite quarrying.

റാവുസാഹിബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—കല്ലറക്കുക, കല്ലുവെട്ടുക, കരിങ്കല്ല പൊളിച്ചെടുക്കുക, മുതലായതിനു ഗവമ്മെണ്ടിന്റെ അനുവാദം വേണമെന്നുള്ള നിബന്ധം ഇല്ലാതാക്കണമെന്നു ഗവമ്മെണ്ടിനോടു അപേക്ഷിക്കേണ്ടതിലേക്കാണ് കടമോഷ്യൻ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഒരു വിരിപ്പുനിലത്തിൽ നിന്നും മണ്ണു എടുത്താൽ നിലം നന്നാകുമെന്നാണ് വിചാരിക്കുന്നത്. അതിനും പോലും ഇപ്പോൾ അനുവാദം വേണമെന്നിരിക്കുന്നു.

Depuity President.—This motion is entirely confined to the quarrying of stones.

മിസ്റ്റർ ടി. കെ. നായർ.—കടമോഷ്ടന്റെ പാത്തു എഴുതിയിരിക്കുന്നതു കല്ലറക്കുക, കല്ലുവെട്ടുക, കരിങ്കല്ല പൊളിച്ചെടുക്കുക മുതലായതിനു ഗവമ്മെണ്ടിന്റെ അനുവാദം വേണ്ടെന്നു വെക്കണമെന്നാണു. അതുകൊണ്ടു മണ്ണെടുത്തു കല്ലറക്കുന്നതും അതിൽ ഉൾപ്പെടുന്നുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—മണ്ണു മുത്താൽ കല്ലായി. മണ്ണുറക്കുക എന്നു പറയുന്നതു ചെങ്കല്ലുറക്കുക എന്നു പറയുന്നതും ഒന്നു തന്നെ. നിലത്തെ നനാക്കുന്നതിനും മണ്ണൊട്ടിക്കാനുണ്ട്. നിലം നനാക്കിയാൽ രണ്ടാമത് സെറാിൽമെണ്ടിന്നു നികുതി കൂട്ടുകയും ചെയ്യും. ഇങ്ങിനെ ഏതു വിധത്തിൽ നോക്കിയാലും ഗവമ്മെണ്ടിന്നു ആദായകരവും സാധുക്കളായ ജനങ്ങൾക്ക് അത്യാവശ്യവുമായ ഈ കാര്യം ചെയ്തുകൊടുക്കണമെന്നു ഞാനും അപേക്ഷിക്കുന്നു.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ —ഈ വിഷയത്തെപ്പറാറി റെവന്യൂ മാന്വലിലുള്ള നിശ്ചയങ്ങൾ വായിച്ചു നോക്കിയാൽ പല അബദ്ധങ്ങളും ഉള്ളതായി മനസ്സിലാകും. ഫാമത്തെ വകുപ്പിലാണ് ഇതിനെപ്പാറി പറയുന്നതു്. ഒരണയുടെ ഒരു മുദ്രപതിച്ചു തഹസിൽദാക്ക് ഒരു ഹരജി കൊടുക്കണം. തഹസിൽദാരുടെ കയ്യിലെത്തിക്കാൻ പ്രയാസമുണ്ടെങ്കിൽ വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ പക്കൽ കൊടുത്താൽ മതിയെന്നും വേളിൽ പറയുന്നുണ്ടു്. താമസം നേരിടുമെന്നുള്ള ഭയം ഉണ്ടാകാതിരിക്കാൻ വേണ്ടി ഏതു ദിവസത്തിനകം മറുപടി ആക്കിക്കൊള്ളാമെന്നും പറയുന്നു. ഈ നിയമങ്ങൾ പുസ്തകത്തിലെ ഉള്ളൂ. നടപ്പിൽ ഗവമ്മെണ്ടു അങ്ങിനെയല്ല ചെയ്യുന്നതു. അപേക്ഷകൊടുത്താസ് വാങ്ങാൻ വില്ലേജ് ഉദ്യോഗസ്ഥന്മാർ മതി. അവർ തഹസീൽദാർക്ക് അയക്കും. തഹസീൽദാർ അതു വീണ്ടും അന്വേഷണത്തിനായി വില്ലേജ് ഉദ്യോഗസ്ഥന്മാർക്ക് മടക്കും. അന്വേഷണം എന്തൊക്കെയാണ്? അന്വേഷണത്തിന്നു ഉദ്യോഗസ്ഥന്മാർ വന്നു കഴിഞ്ഞാൽ എന്തൊക്കെയാണ് ബഹളമുട്ടു! എന്തൊക്കെയെന്നു ആരും അറിയുന്നില്ല. ആ വകുപ്പിൽ തന്നെ ഒരു നോട്ടം കൊടുത്തു കാണുന്നുണ്ടു്. കല്ലു വെട്ടുന്നതു പട്ടാമന്മാരുടെ ശ്രമിയാണെങ്കിൽപ്പോലും അവരുടെ ഒരു സ്റ്റേയ്റ്റ്മെൻറും വാങ്ങാതെ കഴികയില്ലെന്നാണ് ആ നോട്ടിൽ പറയുന്നതു. ആയതു ഈ മേടമാസത്തിൽ ഒരു പ്രത്യേക കല്ലനുലം നിക്കം ചെയ്തിട്ടുണ്ടു". കല്ലു മുറിച്ചെടുക്കാൻ ആവശ്യമുള്ള ആൾ ജന്മിയുടെ അനുവാദം വാങ്ങിയാൽ മതിയെന്നും വില്ലേജ് ഉദ്യോഗസ്ഥന്മാർ മേലാൽ ജന്മികളുടെ സ്റ്റെയ്റ്റ്മെൻറുവാങ്ങേണ്ട ആവശ്യമില്ലെന്നും ആണ് ആ മേഗതി. അടുത്തുണ്ടായ ഒരു സംഭവമാണ് ഈ മേഗതിക്കു കാരണം. റോഡുപണിക്കു് കരിങ്കല്ലു പൊളിച്ചെടുക്കാൻ അനുവാദത്തിന്നു ഹരജി കൊടുത്ത കാര്യത്തിൽ നേരിട്ടു ചില ബുദ്ധിമുട്ടുകളുണ്ടായി. കരാറുകാർ ഇത്രയടി കല്ലു ഇന്ന സമയത്തിനകം എല്ലിച്ചുകൊള്ളണമെന്നു നിശ്ചയമുണ്ടാകും. ഭൂമി ഉടമസ്ഥൻറെയും ഗവമ്മെണ്ടിൻറെയും എല്ലാം അനുവാദം വാങ്ങി കല്ലെടുക്കേണ്ടിയിരുന്നതിനാൽ കരാറുകാരനു സമയത്തിനു കല്ലു എല്ലിക്കാനൊ ഗവമ്മെണ്ടിനു വിചാരിച്ച സമയം റോഡുപണി തീർക്കാനൊ സാധിക്കാതെ വന്നു. റോഡുപണി മുടങ്ങി. ഈ വിഷമം നേരിട്ടപ്പോൾ P. W. D. കാർ ഗവമ്മെണ്ടിനെ നിർബ്ബന്ധപൂർവ്വമായിവിവരം മനസ്സിലാക്കി. അതിൻറെ ഫലമായിട്ടാണ് ഗവമ്മെണ്ടു് ഇങ്ങിനെ ഒരു സർക്കുലർ പുറപ്പെടുവിക്കുവാൻ ഇടയായതു. ഗവമ്മെണ്ടിനു ബുദ്ധിമുട്ടു നേരിട്ടപ്പോൾ ഗവമ്മെണ്ടു തന്നെ ഭേഗതി ചെയ്തു. ബുദ്ധിമുട്ടുള്ള അവസരങ്ങളിൽ നിയമങ്ങളെ വേണ്ടവിധം ഭേഗതി ചെയ്യാൻ ഒരുക്കമുണ്ടെന്നു ഗവമ്മെണ്ടു ഇക്കഴിഞ്ഞ മേടമാസത്തിൽ ചെയ്ത ഈ പ്രവൃത്തികൊണ്ടു തന്നെ തെളിയുന്നു. ഈ നിയമം വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനു കിട്ടുന്ന പണമാണെങ്കിൽ എത്രയും തുച്ഛം ജനങ്ങൾക്കുള്ള ഉപദ്രവവും കഷ്ടപ്പാടും ക്രമത്തിലധികം. ഈ നിയമം കൊണ്ടു ഉപദ്രവം ഉണ്ടോ ഇല്ലയൊ എന്നുള്ള കാര്യത്തിൽ റെവന്യൂ മെംബർക്കു സംശയമുണ്ടെങ്കിൽ ആയതു് ഇവിടെ വച്ചു തന്നെ വാദിച്ചുതീർക്കാം. ബഹുമാനപ്പെട്ട മെംബർ അങ്ങിനെ വാദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കടുമോഷ്ടാവായിരുന്നാലും ജന്മിയെ വലിയ ആളെന്നു പറയുന്ന പ്രകാരം അനുവാദം കൊടുക്കുന്നതായാൽ ജന്മിക്കു വലിയ ഉപകാരമായിരിക്കും എന്നല്ലാതെ ഒരു ധർമ്മവും കൂടിയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. കെ. അയ്യപ്പൻ —ഇങ്ങിനെ കല്ലുവെട്ടിയെടുപ്പാൻ അനുവദിക്കാതിരിക്കുന്നതുകൊണ്ടു ഗവൺമെണ്ടിന്നു വല്ല ആദായവും ഉണ്ടാകാൻ ഇടയുണ്ടോ?

റാവു സാഹിബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ചോദ്യം നല്ലവണ്ണം മനസ്സിലായില്ല.

മിസ്റ്റർ. കെ. അയ്യപ്പൻ.—കല്ലെടുക്കാൻ ജനങ്ങളെ അനുവദിക്കാതിരിക്കുന്നതുകൊണ്ടു ഗവൺമെണ്ടിന്നു വല്ല ആദായവും ഉണ്ടോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഗവൺമെണ്ടിന്നു ആദായമില്ല. ആദായത്തിനു വേണ്ടിയല്ല കളകം.

മിസ്റ്റർ. കെ. അയ്യപ്പൻ.—ഭൂമിയുടെ അടിയിലുള്ള മിനറൽസു ഗവൺമെണ്ടിന്റെ വകയാണെന്നുള്ള തത്വത്തിന്മേൽ ഗവൺമെണ്ടിന്നും ജനങ്ങൾക്കും പ്രയോജനമില്ലാത്ത അനാവശ്യമായ ഒരു നിയമം വെച്ചുകൊണ്ടിരിക്കുന്നതു ഒരു ഗവൺമെണ്ടിന്നു യോജിച്ചതല്ല. അഥവാ ഗവൺമെണ്ടിന്നു വല്ല സൂചനയും വന്നാലും ജനങ്ങൾക്കു വളരെ ഉപയോഗമുള്ള ഈ കാര്യം ഗവൺമെണ്ടു അനുവദിച്ചു കൊടുക്കേണ്ടതാണു്. പഴയന്നൂർ മെമ്പർ പറഞ്ഞതിലും മറ്റും പൊതിഞ്ഞുവെച്ച കാര്യം ഞാൻ പരസ്യമായി പറയാം. ഒരണസ്റ്റാമ്പു ഒട്ടിച്ചു അപേക്ഷകൊടുത്താൽ അനുവാദം കിട്ടുമെന്നു ഗവൺമെണ്ടു പറയുന്നു. മൂന്നാലു ആളുകൾക്കു് കയ്യ്ക്കൂലി കൊടുക്കാതെ ആ അനുവാദം കിട്ടുകയില്ല. ഈ ദോഷം കൊച്ചി രാജ്യത്തു് കീഴുദ്യോഗസ്ഥന്മാർക്കുമാത്രമുള്ളതല്ല, അതു എവിടെയും കണ്ടുവരുന്ന ദോഷമാണു്. അതുകൊണ്ടാണു് ഈ കാര്യങ്ങളിൽ അനുവാദം വാങ്ങണമെന്നുള്ള ചട്ടം പാടില്ലെന്നു വാദിക്കുന്നതു. ഈ കാര്യത്തിൽ ഗവൺമെണ്ടിന്നു വല്ല നഷ്ടവുമുണ്ടെങ്കിൽ അതു പറയാമായിരുന്നു. ഇപ്പോഴത്തെ സ്ഥിതിക്കു ഈ നിയമങ്ങൾ വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ജനങ്ങളെ വെറുതെ ഓബ്സ്റ്റക്കിൾ റേസു് (obstacle race) നടത്തുവാൻ നിർബ്ബന്ധിക്കുന്ന ഫലമാണുള്ളതു. അതുകൊണ്ടു ഈ അനാവശ്യ നിയമം എടുത്തു കളയണം. അവനവന്റെ ആവശ്യത്തിന്നു അവനവന്റെ പുരയിടത്തിൽനിന്നു കല്ലെടുത്താൽ കുറെ വല്ലതും വില്ക്കാമായിരിക്കാം. അതുകൊണ്ടും ഗവൺമെണ്ടിന്നു വലിയവിഷമം വരാനില്ല.

മിസ്റ്റർ. കെ. എം. സീതി —ഞാനും ഈ നിശ്ചയത്തെ അനുകൂലിക്കുന്നു. ഈ രാജ്യത്തെ ആളുകൾക്കു് വീടുണ്ടാക്കുന്നതിന്നു ആവശ്യമായ കല്ലു മുറിച്ചെടുക്കുന്ന കാര്യത്തിൽ പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നതു വളരെ കഷ്ടമായിട്ടുള്ളതാണു്. ഭൂനികുതിയെ സംബന്ധിച്ചു വലുതായ നിരാശ ഇന്ത്യയിലെങ്ങും ഉണ്ടായിട്ടുള്ളതും, അതിനെ സംബന്ധിച്ചു പ്രക്ഷോഭനം നടത്തികൊണ്ടിരിക്കുന്നതും, ഗവൺമെണ്ടിന്നു ആ ഇനത്തിൽ വലുതായ ഒരു നഷ്ടം വരുമെന്നിരുന്നിട്ടുകൂടി പ്രജകളുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തരുതെന്നു ഒരു കൂട്ടർ അക്ഷേപിക്കയും ആ ആക്ഷേപം ഗവൺമെണ്ടു സ്വീകരിക്കാൻ നിർബ്ബന്ധിതരായി തീരുകയും ചെയ്തിട്ടുള്ളതും സുസമ്മതമായ ഗവൺമെണ്ടു ജനങ്ങളെ അലട്ടുന്നതു ഒരിക്കലും നീതീകരിക്കത്തക്ക പ്രമാണം അല്ലെന്നുള്ള തത്വത്തെ ആസ്പദമാക്കിയാണു്. സാധുക്കൾക്കു അവരുടെ വളപ്പിൽനിന്നും കല്ലുവെട്ടിയെടുപ്പാൻ ഗവൺമെണ്ടിന്റെ അനുവാദം വേണമെന്നു പറയുന്നതു പ്രജാസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിന്റെ മാറു രൂപമാണെന്നാണു് ഭൂനികുതിയെ തോന്നുന്നതു. അതുകൊണ്ടു വ്യക്തിസ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതു ഒരിക്കലും ഒരു ഗവൺമെണ്ടിനും നന്നായിരിക്കയില്ല. ബ്രിട്ടീഷു് ഗവൺമെണ്ടിന്നു ഭൂനികുതിയിൽ വളരെ ആദായം ഉണ്ടായിരുന്നു. എന്നിട്ടുപോലും ബ്രിട്ടീഷു ഗവൺമെണ്ടു ജനഹിതത്തിനൊത്തു നിയമം മാറ്റി. ആ ആദായംപോലും ഈ കാര്യത്തിൽ നമ്മുടെ ഗവൺമെണ്ടിന്നില്ല. അതുകൊണ്ടു ജനങ്ങളുടെ ബുദ്ധിമുട്ടു കുറക്കത്തക്ക വിധത്തിൽ ഈ നിയമം ഭേദഗതിപ്പെടുത്തേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. എം. ഇബ്രാഹിംകുഞ്ഞ്.—സ്വന്തം ഭൂമിയിൽനിന്നോ സ്വന്തം ആവശ്യത്തിനു ഒരാൾക്കു കല്ലുവെട്ടിയെടുക്കണമെങ്കിൽ ഗവൺമെണ്ടിന്റെ സമ്മതം വേണമെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. കല്ലു കാറ്റുവിക്കുവാൻ മണ്ണുമാന്തുമ്പോൾ മണ്ണു എടുത്തതുകൊണ്ടു ഭൂമിക്കു വല്ലതായ ദോഷം ഒന്നും ഏറ്റിട്ടുന്നില്ലെന്നും മാത്രം ഒരു കച്ചിട്ടു വെക്കണം. എടുക്കുവാൻ ഗവൺമെണ്ടിന്റെ സമ്മതം ചോദിക്കണ്ട. എടുത്തുകൊണ്ടു കല്ലുകുന്നതായാൽ ഗവൺമെണ്ടിലേക്കു മുൻപറഞ്ഞപോലെ കച്ചിട്ടുവേണം. ഫീസു കൊടുക്കുവാൻ ഒരുങ്ങുമുള്ള വേണമല്ലോ. ഈ ഒരു കാണക്കുവേണ്ടി മാത്രമാണോ ഗവൺമെണ്ടു ഈ നിശ്ചയം വെച്ചിരിക്കുന്നതു എന്നുതോന്നും. ഇതു വലിയ അന്യായമാണ്. അതിനാൽ ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

റാവുസാഹിബ് മിസ്റ്റർ ടി. വി. കുഞ്ഞിരാമക്കുറുപ്പ്.—ഈ വിഷയത്തെ സംബന്ധിച്ചു് ഇവിടെ നടന്ന പ്രസംഗങ്ങളെല്ലാം മലയാളത്തിൽ ആയതുകൊണ്ടു് ഞാനും മലയാളത്തിൽതന്നെ സംസാരിക്കാം. ഇപ്പോൾ വന്ന ബഹുമാനപ്പെട്ട മെംബർമാരുടെ പ്രസംഗങ്ങളിൽപ്രസ്താപിച്ചിട്ടുള്ള സംഗതികൾ ഒന്നും പുതുതായിട്ടുള്ളതല്ല. ഈ കൌൺസ്സിൽ ഉണ്ടായ കാലം മുതൽ ഇതേവരെ ഈ സംഗതിതന്നെ മെംബർമാർ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. പലേ പ്രാവശ്യം ഗവൺമെണ്ടിന്റെ ഉദ്ദേശം എന്താണെന്നു് ഞാൻ തെളിയിച്ചു് പറയുകയും ചെയ്തിട്ടുണ്ടു്. അതു് കൌൺസ്സിൽ പ്രൊസീഡിംഗ്സ് നോക്കിയാലറിയാം. ഈ അവസരത്തിൽ Lord Morely യുടെ ഒരു വാക്കാണു് എനിക്കു ഓർമ്മവരുന്നതു്. Re-flogging dead horses എന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതായതു മരിച്ച കുതിരയെ രണ്ടാമതും അടിക്കാറില്ല എന്നാണു് Lord Morely പറഞ്ഞിട്ടുള്ളതു്. ഗവൺമെണ്ടിനു് ചില രാളുകൾ വേണം. പോരെങ്കിൽ ഞാൻതന്നെ ഈ സംഗതിയെപ്പറ്റി ഇവിടെയുണ്ടായിട്ടുള്ള വാദങ്ങൾ മുഴുവനും കേട്ടിട്ടുണ്ടു്. സാധുക്കൾക്കു് സ്വന്തം ആവശ്യത്തിനു് മണ്ണെടുക്കാനും കല്ലു് താഴക്കാനും അനുവദിക്കാതിരിക്കുന്നതുകൊണ്ടു് അവർക്കു് വലിയ സങ്കടവും ബുദ്ധിമുട്ടും ഉണ്ടെന്നു ഞാൻ കേൾക്കുന്നുണ്ടു്. ഇതിനെയും ജനങ്ങൾക്കെല്ലാം നല്ലവണ്ണം അറിയാം. ഒരു മോഷ്ടാവിനു് കല്ലെടുക്കാൻ അനുവാദത്തിനായിട്ടാണ് ഹരജി വരുന്നുണ്ടു്. ഇതുപോലെ എല്ലാം ദോഷത്തും ഉണ്ടാകും. മണ്ണു് എടുത്തു് മറവുള്ളവരെ ഉപദ്രവിപ്പാൻ തക്കവണ്ണം നമ്മുടെ ആളുകൾ അത്ര മോശക്കാരല്ല. അവർ കാര്യം അറിഞ്ഞുകൂടാത്തവരുമല്ല. നമ്മുടെ നാട്ടിലെ ആളുകൾ വളരെ പഠിപ്പും യോഗ്യതയുമുള്ളവരാണു്. കൊച്ചിരാജ്യം വളരെ പഠിപ്പുള്ള രാജ്യമാണെന്നുള്ള യശസ്സു് വളരെ മുമ്പു് സമ്പാദിച്ചിട്ടുണ്ടു്. ഇതൊക്കെ അവനവന്റെ സ്ഥലത്തുനിന്നു് സ്വന്തം ആവശ്യത്തിനു് മറവുള്ളവർക്കു് ഉപദ്രവം കൂടാതെ യാതൊരു ഫീസും കൊടുക്കാതെ ഗവൺമെണ്ടു അനുവദിച്ചുകൊടുക്കുന്നുണ്ടു്. ഹർജി വന്നാൽ പാവപ്പെട്ടവർക്കു് ഉടനെ അന്വേഷണംചെയ്തു് താസിൽദാർ അനുവാദം കൊടുക്കുന്നുണ്ടു്. പാവപ്പെട്ടവർക്കു് കൈക്കൂലി വാങ്ങുന്നുണ്ടെന്നു് അർത്ഥമില്ലാത്ത ആക്ഷേപം പറയുന്നതല്ലാതെ അങ്ങിനെ ഒരു ഹർജിപോലും വന്നതായി എന്റെ ഓർമ്മയിലും അന്വേഷിച്ചിലും ഇല്ല. ഈ കാരണംകൊണ്ടു് ഗവൺമെണ്ടിലേക്കു് ആദായമായി ൪൦൦-ഉ ൫൦൭-ഉ രൂപയാണു് കണക്കാക്കിയിട്ടുള്ളതു്, റവന്യൂവിനു് വേണ്ടിയല്ല ഈ നിയമം വച്ചിട്ടുള്ളതു്. കഴിക്കുന്നതിനു് ജനങ്ങൾക്കു സൌകര്യമുണ്ടാകണം. ഒരിക്കൽ ഒരു വലിയ മണ്ണിയുടെ പറമ്പിൽനിന്നു് കല്ലെടുത്തതിനാൽ ഒരു വഴക്കുണ്ടായി. ആ പറമ്പു് മണ്ണിയുടെപേരിൽ താരിശായിരുന്നു. ആ പറമ്പു് ആ വിധവ മണ്ണി കല്ലു് വെട്ടിയെടുത്തു് അവിടമൊക്കെ കുഴിയായി. ആ പറമ്പു് ആ വിധവയുടെ ഏകമാർഗ്ഗമാണു്. ആ വിധവയുടെ കന്നുകാലികൾക്കെല്ലാം മേയുവാനുള്ള സ്ഥലമാണു്. ആ വിധവയുടെ സ്വന്തവും പട്ടുകൂടി വന്നാൽ ഇല്ലാതെയാണു് എടുത്തതു്. സ്ഥലം മണ്ണിയുടെ സ്വന്തവും പട്ടുകൂടി വന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുവാൻ സ്ഥലവുമില്ല. പത്തുക്കും ചാടിച്ചാടി പോകേണ്ടിയും വന്നു. അതു് അങ്ങിനെയൊരു കേസ്". പിന്നെ റോഡരികിൽനിന്നും കല്ല വെട്ടിയെടുത്താൽ റോഡിൽകൂടി കാറും ബസ്സും കൊണ്ടുപോകുമ്പോൾ ആ കഴികളിൽ ചെന്ന ചാടും. ഇതൊക്കെ ഞാൻ പുതുതായി പറയുന്ന സംഗതികളല്ല. ഈ സഭയുടെ ആദ്യത്തെ കൌൺസ്സിലിൽ മിസ്റ്റർ സി. ടി. ചാക്കോ എന്നൊരു ബഹുമാനപ്പെട്ട മെമ്പർ ഉണ്ടായിരുന്നു. അദ്ദേഹം ഇങ്ങിനെയൊരു പ്രമേയം അന്നു കൊണ്ടുവന്നു. പല മെംബർമാരും അതിനെ അനുകൂലിച്ചു പ്രസംഗിച്ചു. പക്ഷെ എന്റെ സമാധാനം കേട്ടു് കൌൺസ്സിൽ ആ പ്രമേയം തള്ളിക്കളയുകയാണു് ചെയ്തതു്. ഇപ്പോൾ കുറെ കാലം കഴിഞ്ഞശേഷം കല്ലെടുക്കുന്നതിനു് ജന്മിമാരുടെ അനുവാദവും കൂടെ വേണമെന്നുള്ള നിയമം ജനങ്ങൾക്കു് വളരെബുദ്ധിമുട്ടിനുകൂടി ഇടയായിത്തീരുന്നുണ്ടെന്നു് കേട്ടിട്ടാണു് ആ നിയമം ഭേദഗതി ചെയ്തിട്ടുള്ളതു്. കൌൺസ്സിലിന്റെ അഭിപ്രായം അതിനു സഹായമായി തീരുകയും ചെയ്തു. വേറൊരു ആക്ഷേപവും വന്നിട്ടുണ്ടു്. അതു് പിച്ചക്കാശാണെന്നുള്ള ഒരാക്ഷേപം. വാസ്തവത്തിൽ പിച്ച വാങ്ങുന്നമാതിരി ജനങ്ങളുടെ പക്കൽനിന്നും വാങ്ങുന്ന ഈ റവന്യൂ പിച്ചക്കാശുതന്നെയാണു്. ഗവർമ്മെണ്ടു് ഒരു നിയമം ഉണ്ടാക്കിയാൽ അതു് നടപ്പിൽ വരുത്തും അതു് ദോഷമാണെന്നു് കാണുന്നുണ്ടെങ്കിൽ, അതു് ഇന്നിന്നമാതിരിയാണു് ദോഷം, അതു് ഇന്നിന്നമാതിരിയാണു് നിവാരണം ചെയ്യേണ്ടതു് എന്നു് ബഹുമാനപ്പെട്ട മെംബർമാർ പ്രമേയം കൊണ്ടുവന്നു ദോഷമാണെന്നു തെളിയിച്ചാൽ ജനങ്ങൾക്കു് ഉപകാരമായ വിധത്തിൽ നിയമം മാറ്റി ഉണ്ടാക്കാനും പുതുതായി ഉണ്ടാക്കാനും ഗവർമ്മേണ്ടു് എപ്പോഴും ഒരുക്കമാണു്. ഗവർമ്മേണ്ടു് വേറെ, പ്രജകൾ വേറെ, ഉദ്യോഗസ്ഥന്മാർ വേറെ, അനുദ്യോഗസ്ഥന്മാർ വേറെ, എന്നു് വിചാരിക്കുന്നതു് തെറ്റാണു്. എല്ലാവരും ഒന്നുതന്നെയാണു്. അതുകൊണ്ടു് ജനങ്ങൾക്കു് ഇന്ന കാര്യത്തിൽ ഇന്ന രൂപം വേണം, ജനങ്ങൾക്കു് ഇന്ന രൂപം ദോഷമാണു് എന്നു തെളിവായി കാണിച്ചു ഈ സഭയിൽ പ്രമേയം പാസ്സാക്കയൊ വല്ല ഹരജിയും കൊണ്ടുവരികയൊ ചെയ്താൽ അതിനൊരു വണ്ണം ചെയ്യാൻ ഞങ്ങൾ എല്ലാവരും തയ്യാറാണു്. ഞങ്ങൾ എല്ലാം പൊതുജനങ്ങളുടെ ആശ്രയം വാങ്ങി കഴിച്ചുകൂട്ടുന്നവരാണു്. അവർക്കു ദോഷംവരുന്നതൊന്നും ചെയ്യാൻ ഞങ്ങൾക്കു് ആവശ്യമില്ല. അവർ സുഖമായിരിക്കുന്ന കാര്യത്തിൽ അനുദ്യോഗസ്ഥമെമ്പർമാർക്കു എത്ര താല്പര്യമുണ്ടൊ അത്രത്തോളം ഞങ്ങൾക്കും ഉണ്ടു്. അതിനാൽ ഇന്നമാതിരിയാണു് വേണ്ടതെന്നു വേണ്ടമാതിരി പറഞ്ഞാൽ വളരെ ജാഗ്രതയായി അന്വേഷണം ചെയ്യാം. ജനങ്ങൾക്കു ദോഷകരമായി ഒന്നുംതന്നെ ഗവർമ്മേണ്ടു് ചെയ്യുന്നതല്ല.

മിസ്റ്റർ ടി. കെ. നായർ.—ഞങ്ങൾ ഈ ഭാഗത്തു നിന്നും വാദിച്ചു വാങ്ങിക്കുകയൊ മറ്റെങ്കിലും ഒരു മാപടി ഗവർമ്മേണ്ടു ഭാഗത്തുനിന്നും കിട്ടുമെന്നായിരുന്നു ഞാൻ ഉദ്ദേശിച്ചതു്. ഒരു സമയം ഗവർമ്മേണ്ടുഭാഗം തന്നെയായിരിക്കും വളരെന്യായമെന്നുവന്നാൽ ഇതുപിൻവലിക്കാൻ വിരോധമില്ലെന്ന ഭാവത്തിൽവളരെ ആശയോടുകൂടി ഗവർമ്മെൻറിന്റെന്യായങ്ങൾകേൾക്കാൻ ഞാൻ കാത്തിരിക്കയായിരുന്നു. യാതൊരു ന്യായവും റെവന്യൂ മെംബർ പറഞ്ഞതിൽ ഉള്ളതായി കാണുന്നില്ല. അദ്ദേഹത്തിന്റെ കുറെ സംസാരം കേട്ടു. അതിൽ കഴമ്പൊന്നുമില്ല. ഞങ്ങൾക്കു അറിയേണ്ടതു ഒന്നും പറഞ്ഞിട്ടില്ല.

റാവു സാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരംഗയ്യർ.—അറിയേണ്ടതു ഓരോ ചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

മിസ്റ്റർ ടി. കെ. നായർ.—ഇത്രനേരവും ഞങ്ങളുടെ വാദങ്ങൾ കേട്ടിട്ടിരിവാൻപേഷ്കാർ അവർകൾക്കു് ഞങ്ങളുടെ വാദങ്ങളിലേതെങ്കിലുമൊന്നിനെ

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡിക്കുവാനൊ എന്തെങ്കിലും ന്യായമായ സമാധാനം പറയുന്നതിനൊ സാധിച്ചില്ല. ഇനി ഓരോ ചോദ്യങ്ങളായിചോദിച്ച സമാധാനം അറിയാൻ പ്രസിഡൻറവർകൾ അനുവദിക്കുമെന്ന വിചാരം എനിക്കില്ലാത്തതുകൊണ്ട ഞാൻ അതു അറിയാൻ ഉദ്ദേശിക്കുന്നുമില്ല. അവനവൻറെ വീടുകെട്ടുന്നതിന്ന അവനവൻറെ പുരയിടത്തിൽ നിന്നും കല്ലുവെട്ടി എടുക്കുക, കല്ലറക്കുക, കരിങ്കല്ല പൊളിച്ചെടുക്കുക, മുതലായതുകൾക്ക ഗവർമ്മെണ്ടിൻറെ അനുവാദം വേണമെന്നുള്ള നിബ്ബന്ധം വേണ്ടെന്നുവെയ്ക്കുവാൻ ഗവർമ്മെണ്ടിനുള്ള വിരോധം എന്താണെന്നുള്ള സംഗതി എന്നെ മനസ്സിലാക്കിയിരുന്നുവെങ്കിൽ, എൻറെ ബുദ്ധിമോശംകൊണ്ടാണ ഞാനിതുകൊണ്ടുവന്നതെന്ന റവന്യൂ മെംബർ എന്നെ ബോദ്ധ്യപ്പെടുന്നിയിരുന്നുവെങ്കിൽ, ഞാൻ ഇപ്രകാരമൊരു മറുപടിപറയാതെതന്നെ ഇതു പിൻവലിക്കാൻതയാറായിരിക്കയായിരുന്നു. അതിൽ ഒന്നിനും എനിക്ക ഒരു സമാധാനവുംകിട്ടിയീല്ല. എന്നല്ല, അദ്ദേഹം പറഞ്ഞ ഒരുകാര്യം എനിക്കുവളരെ സന്തോഷമായി. "ചത്ത കുതിരയെവീണ്ടും അടിക്കുക" എന്നു പറഞ്ഞതു. പരമാർത്ഥത്തിൽ ഈവകുപ്പിനു പറ്റിയ ഒരുദാഹരണമാണ. ജീവനുള്ളകുതിരയാണെങ്കിൽ ഞങ്ങൾ ഇതെവരെ അടിച്ചു അടികൊണ്ട സപ്പല്പമെങ്കിലും മുമ്പോട്ടു പോകുമായിരുന്നു. അതില്ലാത്തതുകൊണ്ട ഈ വകുപ്പു ഒരു ചത്ത കുതിരയെപ്പോലെയാണെന്നു എനിക്കു ബോദ്ധ്യംവന്നു. ഈ നിസ്സാരമായ, സപ്പല്പമായ, ഇതു തുച്ഛമായ, അതായത കല്ലുവെട്ടി എടുത്താൽ ആ കുഴിയിൽ മേട്ടോർ വീഴും, പന്തുക്കൾക്കു മേയാൻ സ്ഥലം ഉണ്ടാകയില്ല, എന്നുംമറ്റുമുള്ള ബാലിശങ്ങളായ ന്യായങ്ങൾ വളരെ പഴക്കവും പ്രാപ്തിയും ഉള്ളതായ ഒരു ഗവർമ്മെണ്ടുദ്യോഗസ്ഥൻ പറയുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. വല്ല പറമ്പുകളിൽനിന്നും കല്ലുവെട്ടുന്നതുകൊണ്ടു പന്തുക്കൾക്കു മേയുവാൻ സ്ഥലമില്ലെന്നുള്ള ആക്ഷേപമുണ്ടായതുകൊണ്ടാണ കല്ലുവെട്ടി എടുക്കാതിരിക്കാൻ ഒരു നിയമം ഇരുന്നുകൊള്ളട്ടെ എന്നു കരുതിയതെന്നു പറയുകയാണെങ്കിൽ അതിനെ താങ്ങാനായി ഗവർമ്മെണ്ടു പറയുന്ന ന്യായങ്ങളൊന്നും എൻറെ തലയിൽ കയറുന്നില്ല. ഗവർമ്മെണ്ടു അതിനു ന്യായങ്ങളൊന്നും പറഞ്ഞിട്ടുമില്ല. പിന്നെ അതിൽനിന്നും കിട്ടുന്നതു "പിച്ചക്കാശു" ആണെന്നു അദ്ദേഹം പറഞ്ഞിട്ടുള്ളതുവളരെ പരമാർത്ഥമാണ. വളരെ വളരെ പിച്ചകളായ സാധുക്കളുടെ പക്കൽനിന്നും ഗവർമ്മെണ്ടു പിച്ചയെടുക്കുന്നതിനു ഈ വിഷയത്തിലും കൂടി വാങ്ങിക്കണമെങ്കിൽ അവർ എത്ര "പിച്ച"കളായിരിക്കണം! കാരിനെ സംബന്ധിച്ചുള്ള എൻറെ ആക്ഷേപമെന്നു ഞാൻ ആദ്യമെ പറഞ്ഞുകഴിഞ്ഞു. ഞാൻ പറഞ്ഞ ഒരു സംഗതിയെങ്കിലും ന്യായമായ ഒരു സമാധാനം പറയുവാൻ ഗവർമ്മെണ്ടിനു സാധിച്ചിട്ടില്ല. ഏതു വകുപ്പാണ മാറേണ്ടതെന്നു ഈ കൌൺസിലിൽ മെംബർമാർ അഭിപ്രായം കൊണ്ടുവന്നാൽ വളരെ ഔരവമായി ആലോചിച്ചു ജനങ്ങൾക്കു ആശ്വാസമുള്ളതാണെങ്കിൽചെയ്യാമെന്നു ദിവാൻപേഷ്കാരവർകൾപറയുന്നു. ഞാൻ ഈകടുംപോഷ്ണംകൊണ്ടുവന്നതുതന്നെ നല്ലപോലെആലോചിച്ചതിനുശേഷം ജനങ്ങൾക്കു വളരെ അത്യാവശ്യമാണെന്നു കണ്ടതിനാലാണ. റവന്യൂ മെംബർ പറഞ്ഞമാതിരി ജനങ്ങൾക്കു അത്യാവശ്യമുള്ളതാണെങ്കിൽ അവനവൻറെ ആവശ്യത്തിനു, അവനവൻറെ പുരയിടത്തിൽനിന്നു കല്ലുവെട്ടിയെടുക്കാനും കല്ലുവെട്ടുന്നതിന്നു അവനവൻറെ പുരയിടത്തിൽനിന്നു കല്ലുവെട്ടിയെടുക്കാനും കരിങ്കല്ലു പൊളിച്ചെടുക്കാനും ഗവർമ്മെണ്ടിൻറെ അനുവാദം വേണമെന്നുള്ള നിബ്ബന്ധം ഇല്ലായ്മചെയ്യണമെന്നുള്ള എൻറെ അപേക്ഷ സ്വീകരിക്കണം. അതാണ എൻറെ അപേക്ഷ. രൂൾ പുസ്തകത്തിൽ ഇനി രൂൾ ആണുണ്ടാക്കുന്നതു മാറേണ്ടതെന്നും മറ്റും പറയുവാൻ ഞാൻ ഒരുവക്കീലല്ല. ഞാൻ അതൊന്നും വായിച്ചുനോക്കാനും തയാറില്ല. ഇതു ഇവിടെ പാസ്സായാൽ എതെല്ലാം റൂളുകളാണുമാറേണ്ടതെന്നുള്ളതു ഗവർമ്മെണ്ടു ആലോചിച്ചു ചെയ്യുകൊള്ളുന്നും, ഞങ്ങൾ ഇവിടെ പാസ്സാക്കുന്ന കായ്യങ്ങൾ നടപ്പിൽ വരുത്തേണ്ടതു ഗവർമ്മെണ്ടിൻറെ കൃമതലയാണ, ബഹുമനപ്പെട്ട റവന്യൂമെംബർ പല രാജ്യങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലും സക്കീട്ടചെയ്ത പുതിയ പുതിയ പരിചയങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നു അദ്ദേഹംതന്നെ പറയുകയുണ്ടായി. ഈ വിഷയത്തിലും വല്ല പരിചയവും അദ്ദേഹത്തിനു കൂടുതൽ കിട്ടിയിട്ടുണ്ടാവും എന്നു വിചാരിച്ചാണു ഞാൻ ഈ പ്രമേയം അവതരിപ്പിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ മറുപടി കേട്ടിട്ട് എനിക്ക് അദ്ദേഹത്തിനു ഉണ്ടായിരുന്ന പരിചയത്തിൽനിന്നും അല്പമെങ്കിലും കൂടുതലായി ഈ വിഷയത്തിൽ പരിചയംസിദ്ധിച്ചിട്ടില്ലെന്നു എനിക്കു നല്ലവണ്ണം മനസ്സിലായി. ഇൻഡ്യയിലെ മറ്റു ഏതെങ്കിലുമൊരു നാട്ടുരാജ്യത്തു ഇത്തരമൊരു പിച്ചക്കാര്യം വാങ്ങുമെന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹം ഈ കടംമോഷൻ സ്വീകരിച്ചു അതു നടപ്പാക്കാൻ ശുപാർശചെയ്യുമെന്നു ഉദ്ദേശിച്ചാണു ഞാൻ ഈ വിഷയം ഇപ്പോൾ അവതരിപ്പിച്ചത്. ശവമ്മേണ്ടു ഈ കടംമോഷനു എതിരായി പറഞ്ഞ ന്യായങ്ങളൊന്നും ശരിയല്ല. സാധുക്കളായ ജനങ്ങൾക്കു കുടിപാർക്കാൻ വീടുപണിയാനുള്ള ഒരു സംഗതിയാണിതു. കച്ചവടവിഷയത്തിൽ കല്ലെടുക്കാൻ അനുവാദം കിട്ടണമെന്നു ഞാൻ ആവശ്യപ്പെട്ടുന്നില്ല. കച്ചവട ആവശ്യത്തിനു എത്രവേണമെങ്കിലും നികുതി ചുമത്തിക്കൊള്ളുക. സ്വന്തം ഉപയോഗത്തിനുവേണ്ടി കല്ലെടുക്കാനും കല്ലു അറുക്കാനും കരിങ്കല്ലു പൊളിച്ചെടുക്കുവാനും ഒരണ സ്റ്റാമ്പു ഒട്ടിച്ചു ഫീസുകൊടുത്തു അനുവാദം വാങ്ങണമെന്നുള്ള നിയമം മാറണം.

റാവുസാഹിബ്ബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—സ്വന്ത ആവശ്യത്തിനു അവരവരുടെ സ്വന്തം പറമ്പിൽനിന്നും കല്ലുവെട്ടാനും മറ്റും ഒരണ സ്റ്റാമ്പു ഒട്ടിച്ചു അനുവാദംവാങ്ങണമെന്നുള്ള നിയമം വേണ്ടെന്നുചെയ്യണമെന്നാണെങ്കിൽ ഞാൻഅതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ ഈ മോഷൻ പ്രസ്സ്ചെയ്യുന്നു.

ഡിപ്യൂട്ടി പ്രസിഡെണ്ടു.—എന്തു പോയിൻറിന്മേലാണ് പ്രസ്സ് ചെയ്യുന്നതു.

മിസ്റ്റർ ടി. കെ. നായർ.—"സ്വന്ത ആവശ്യത്തിനു കല്ലു അറുക്കുക, കല്ലുവെട്ടുക, കരിങ്കല്ലു പൊളിച്ചെടുക്കുക മുതലായതിനു ശവമ്മേണ്ടിന്റെ അനുവാദം വാങ്ങണമെന്നുള്ള നിബ്ബന്ധം ഇല്ലാതാക്കണമെന്നു ശവമ്മേണ്ടിനോടു അപേക്ഷിക്കുന്നു" എന്നതാണ് എന്റെ കടംമോഷൻ.

റാവുസാഹിബ്ബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—കടംമോഷന്റെ പുറകുവശത്തു കാരണമായി എഴുതി ഇരിക്കുന്നതിൽ "സ്വന്ത ആവശ്യത്തിനു" എന്നു കാണുന്നില്ല. "സ്വന്ത ആവശ്യത്തിനു സ്വന്തം പറമ്പിൽ" എന്നാക്കാമെങ്കിൽ ശവമ്മേണ്ടു അതിനെ accept ചെയ്യുന്നു.

ഡിപ്യൂട്ടി പ്രസിഡെണ്ടു.—മെംബർ അങ്ങിനെ ഭേദഗതി ചെയ്യുന്നുണ്ടോ?

മിസ്റ്റർ ടി. കെ. നായർ.—അതു് എനിക്കു സമ്മതംതന്നെ, എന്റെ ഉദ്ദേശവും അതാണ്.

റാവുസാഹിബ്ബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എന്നാൽ അതൊന്നു ശരിയാക്കിവായിച്ചാൽകൊള്ളാം.

മിസ്റ്റർ ടി. കെ. നായർ.—ഭേദഗതി ചെയ്യുമ്പോൾ "സ്വന്ത ആവശ്യത്തിനു കല്ലറുക്കുക, കല്ലുവെട്ടുക, കരിങ്കല്ലു പൊളിച്ചെടുക്കുക മുതലായതിനു ശവമ്മേണ്ടിന്റെ അനുവാദം വാങ്ങണമെന്നുള്ള നിബ്ബന്ധം ഇല്ലാതാക്കണമെന്നു ശവമ്മേണ്ടിനോടു അപേക്ഷിക്കുന്നു" എന്നാകും. അതാണു ഞങ്ങളുടെ ആവശ്യവും.

റാവുസാഹിബ്ബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇങ്ങിനെ ആക്കിയാൽ സ്വീകരിച്ചിരിക്കുന്നു എന്നു ഞാൻ മുമ്പുപറഞ്ഞതു് എന്റെ സ്വന്ത അഭിപ്രായമാണു്. ശവമ്മേണ്ടുമായി ഞാൻ ഇതിനെപ്പറ്റി ആലോചിച്ചിട്ടില്ല. അതുകൊണ്ടു accept ചെയ്യാൻ തരമില്ല. "ശവമ്മേണ്ടു ഇതിനെപ്പറ്റി ആലോചിക്കാം" എന്നു ഇപ്പോൾ പറയാൻ തരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ.—ഞാൻ പ്രസ്സ് ചെയ്യുന്നു

The Motion was put to votes and carried, Government remaining neutral.

Motion No. 17.

Mr. T. K. Nayar.—*To reduce the total allotment of Rs. 21,73,665 under Demand No. 1 by Re. 1.*

മിസ്റ്റർ ടി. കെ. നായർ.—മുണ്ടകൻ കൃഷിക്കു ചിലസമയങ്ങളിൽ ഉണക്കം ബാധിക്കുമ്പോൾ കൃഷി ഉടമസ്ഥന്മാർ പുറമ്പോക്കു തോട്ടുകളിൽ ചിറയിട്ടു വെള്ളം നിറുത്തുക പതിവാണ്. പുറമ്പോക്കു തോടായതുകൊണ്ടു എട്ടണസ്റ്റാമ്പു ഒട്ടിച്ചു ഒരു ഹരജി തഹസീൽദാർക്കു കൊടുത്തു അനുവാദം വാങ്ങിക്കണം. അനുവാദം കിട്ടിയശേഷംമാത്രമെ ചിറകെട്ടാൻ പാടുള്ളു എന്നാണ എഴുപ്പാട്ട്. സ്റ്റാമ്പു ഒട്ടിച്ചു ഹരജികൊടുത്തു അനുവാദം എത്തികഴിയുമ്പോൾ ഏതാണ്ടു പിന്നത്തെകൊല്ലം ആയികഴിയും. അങ്ങിനെയാണ എന്റെ അനുഭവത്തിൽ കണ്ടിട്ടുള്ളതു. ഈ ഒരു കഷ്ടപ്പാടുകൊണ്ടു നിയമവിരുദ്ധമായി ഞങ്ങൾ ചിറകെട്ടും. അതു നിയമവിരുദ്ധമായി ഞങ്ങൾചെയ്യുന്നു എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ഹരജി അയച്ചിട്ടു ചിറ കെട്ടാറുള്ളു. മറ്റു പടിക്കു കാക്കാറില്ല. കൃഷിരക്ഷക്കായി ഈവിധംചെയ്യാതെ നിവൃത്തിയും ഇല്ല. എട്ടണസ്റ്റാമ്പൊട്ടിച്ചു ഹരജി കൊടുക്കുന്നതിലല്ല ഞങ്ങളുടെ സങ്കടം. ഒരു ദിവസംപോയാൽ കൃഷിക്കാരുടെ മനോവേദനയെപ്പറ്റി കൃഷിക്കാരെ അറിയാൻ പാടുള്ളു. ഈ വിധം ചിറകെട്ടുന്ന സമ്പ്രദായം അനവധികാലമായി മാമൂലായി നടന്നവരുന്ന ഒരു സംഗതിയാണ്. ചിറകെട്ടികഴിഞ്ഞതിൽപിന്നെ ഞങ്ങൾക്കു അനുവാദവും കിട്ടും. അനുവാദത്തിനു ഹരജികൊടുക്കാതെ അല്ലാ ഞങ്ങൾകെട്ടുന്നതു. ഹരജി കൊടുക്കും. ചിറയുംകെട്ടും. പുറകെ അനുവാദവും എത്തും. ഇങ്ങനെയാണ ഞങ്ങൾ ഇതേവരെ നടത്തിവന്നതു. എന്നാൽ കഴിഞ്ഞകൊല്ലം, മുൻകൂട്ടി അനുവാദം വാങ്ങിയില്ല എന്നുള്ള കാരണത്താൽ ചില ആളുകൾക്കു പിഴയിട്ടു. ചിറയിട്ടുകൃഷിരക്ഷിച്ചതിനു, പതിനഞ്ചും ഇരുപതും രൂപവീതം പിഴയാണ കിട്ടിയതു. അതു കണ്ടപ്പോഴേക്കും ഞങ്ങൾക്കു പിച്ചുകിട്ടിയില്ലെങ്കിലും നായകടിക്കാതെ ഇരുന്നാൽ മതി എന്നായി. ഹരജി വേണ്ടെന്നുവെക്കണമെന്നോ പുറമ്പോക്കു സ്ഥലം കൈമാറണമെന്നോ അല്ല ആക്ഷേപം. ഈ സംഗതിയിൽ ജനങ്ങൾക്കു കുറച്ചധികം സൌകര്യം കിട്ടണമെന്നുമാത്രമാണ എന്റെ അപേക്ഷ. ഹരജികൊടുത്താൽ ഉടനെ അനുവാദം കിട്ടത്തക്കവണ്ണം ഏഴുപ്പാട്ടുണ്ടാകണം. ആ അനുവാദംകൊടുക്കാനുള്ള അധികാരം പഞ്ചായത്തിനു കൊടുത്താൽ മതി. ചിറ ആവശ്യമാണൊ അല്ലയൊ എന്നു നോക്കാൻ അവക്കും കുറെ ഒക്കെ പ്രാപ്തിയുണ്ടാകും. മാത്രമല്ല കുറച്ചു മൈനർ ഇറിഗേഷൻ പഞ്ചായത്തുകാക്കും ഉണ്ടായിരിക്കണമെന്നാണല്ലൊ നിയമപ്രകാരം വച്ചിരിക്കുന്നതു. ആ അധികാരം പഞ്ചായത്തിനു കൊടുക്കുന്നതുകൊണ്ടു സർക്കാരിനു ദോഷവും ഇല്ല, ജനങ്ങൾക്കു വളരെ സഹായവും ആയി. ഇതു ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ ഞാൻ ഈ കട്ടമോഷൻ അയച്ചിട്ടുള്ളതു. ഗവർമ്മെണ്ടിനു പണനഷ്ടം ഒന്നും ഉണ്ടാകാത്തവിഷയം ആകയാൽ ഈവിഷയത്തിൽ ഗവർമ്മെണ്ടിനു വലിയ ആക്ഷേപം ഉണ്ടാകുമെന്നതോന്നുന്നില്ല.

മിസ്റ്റർ എ. ഇച്ചരമേനോൻ.—പുറമ്പോക്കു തോട്ടുകളിൽ കിടകെട്ടുന്നതിനെപ്പറ്റിയാണ ഈ പ്രമേയം. ഈ തോട്ടുകൾ പുറമ്പോക്കായതു എങ്ങിനെയാണെന്നറിയുന്നതു രസാവഹമായിരിക്കും. കണ്ടെഴുത്തു കണക്കുകളിൽ തോട്ടുകൾ അടുത്ത കൃഷി ഉടമസ്ഥന്മാരുടെയായിക്കാണും. സെറ്റിൽമെണ്ടുകാലത്തു ഇവകളെ പുറമ്പോക്കാക്കി അതുകണ്ടു ഉടമസ്ഥന്മാർ ആവലാതിപ്പെട്ടപ്പോൾ അവരോടു പറഞ്ഞതു ഈ തോട്ടുകൾക്കു നികുതി കെട്ടിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല, ഈ തോടുകളെ പണ്ടത്തെപ്പോലെ നിങ്ങൾക്ക ഉപയോഗിക്കുന്നതിന യാതൊരു തടസ്ഥവുമില്ല, നിങ്ങൾക്ക അതിൽനിന്നും വരായ്കയില്ലാത്തതിനാൽ കരമൊഴിവാക്കി പുറമ്പോക്കാക്കിയതാണ, അങ്ങിനെ കിടന്നകാള്ളട്ടെ, വെള്ളം കിട്ടിയാൽപോരെ, നികുതി കൊടുക്കേണമെന്നുണ്ടോ, എന്നായിരുന്നു. ഇപ്പോൾ ഗവമ്മെണ്ട ആ കഥകളെല്ലാം മറന്ന ഗവമ്മെണ്ട തന്നെ വകയാണെന്നാണ പറയുന്നത. വെള്ളം കെട്ടി നിത്തണമെങ്കിൽ ഗവമ്മെണ്ടിന്റെ അനുവാദം വേണമെന്നായിരിക്കുന്നു. എന്നാൽ ഇതുവരെക്കും എന്റെ പ്രദേശത്ത യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. കഴിഞ്ഞകൊല്ലം വെള്ളത്തിന്ന നല്ല ദുർഭിക്ഷമുണ്ടായിരുന്നു. ജനങ്ങൾ പതിവനുസരിച്ച ചിറകെട്ടിവെള്ളം നിത്തി. കീഴ്ക്കുടിയാന്മാർ ആവലാതിപ്പെട്ട എന്നും പറഞ്ഞ പുറമ്പോക്കിൽ കൈകേറിഎന്നും പറഞ്ഞ ചിലക്ക പിഴഇട്ടഎന്നുകേട്ട. ഇത ഗവമ്മെണ്ട ചെയ്യുന്നത അക്രമമല്ലെങ്കിൽ എന്താണ"? സ്ഥലത്തിന്ന നികുതി കെട്ടിയിട്ടില്ലെന്നുള്ള ന്യായമല്ലാതെ എന്തു ന്യായമാണ ഗവമ്മെണ്ടിനുപറയാനുള്ളത. സ്ഥലം കൃഷി ഉടമസ്ഥന്മാരുടെതാണെന്നുള്ളതിന്ന അവരുടെ റിക്കാട്ടുകൾതന്നെഇല്ലെ? സ്ഥലം വിട്ടുകിട്ടിയാൽ മതി. ഞങ്ങൾ നികുതികൊടുപ്പാൻ തയ്യാറാണ. അതിനാൽ ഈ കാര്യം ഗവമ്മെണ്ട നന്നായി ആലോചിക്കേണ്ടതാണ".

Rao Sahib Mr. T. V. Kasturi Ranga Ayyar.—Well, if I understand the Hon'ble Member properly, the idea is that the power to sanction the putting up of these bunds should be transferred from the Government to local bodies like Panchayats. I see that he concedes that sanction is necessary. But in that case there may be some clash of interests. For, one set of people may request for the putting up of a bund in a particular place; but at the same time another set of people may object to that. There may be complaints like that. There may be petitions and counter-petitions protesting against this bund or that bund. Therefore some impartial authority there must be to dispose of these questions. Whether these powers should be delegated to the Panchayats or should be vested in the Diwan Peishkar himself can be settled only after a very careful inquiry. I think it is not at all a new suggestion. The Panchayats had once the power. When I was in charge of the Panchayats I think there were some Panchayats which were very good and exercised their functions very judiciously. I also found out afterwards that some Panchayat members had their own personal interests and they began to do things in a way prejudicial to the interests of others. Then there were complaints. Inquiries had to be conducted and a lot of correspondence took place. Well, so far as the policy of the Government is concerned, our Panchayat Regulation itself provides for this and similar powers can be entrusted to them. Section 11 of the Panchayat Regulation lays down that these are matters which can be entrusted with the Panchayats—such works as the putting of bunds, maintenance of chiras and canals. But before these powers are practically transferred to the Panchayats certain notifications are to be issued under the Regulation transferring these powers. Then also under the Land Conservancy Regulation some powers will have to be vested in the Registrar of Panchayats

LIBRARY ARCHIVES Kerala Legislative Assembly

These cannot be transferred all at once, because the ultimate power in disputed cases and in encroachment proceedings, so far as the Land Conservancy Regulation is concerned, is vested at present in the Diwan Peishkar. The Registrar of Panchayats may have to be vested with some of these powers. But these cannot be done before the Panchayats are vested with these powers by issuing a notification empowering them to exercise those powers, under section 11 of the Panchayat Regulation. I think that we have also got to see whether these Panchayats are properly administered. I would advise the Hon'ble Member to confer with the Panchayat Registrar and consult also some of the older Panchayats and members, and then move in the matter by memorialising the Government requesting that such powers may be transferred to the Panchayats. I will only be too glad if some more powers are vested with the Panchayats. I do not think I should oppose the pious views of the Hon'ble Member.

മിസ്റ്റർ ടി. കെ. നായർ.—ഒന്നുമാൻപേഷ്കാരവർകൾ എന്തു പറഞ്ഞു എന്നു എനിക്കു മനസ്സിലായില്ല. അദ്ദേഹം കുറെ ബുദ്ധിമുട്ടുകളൊക്കെ പറഞ്ഞു. ഞാനൊന്നും കേട്ടില്ല. അവസാനം പറഞ്ഞതു തിരെ കേട്ടില്ല.

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—പഞ്ചായത്തു റെഗുലേഷൻപ്രകാരം അവർക്കു ഇപ്പോൾതന്നെ അധികാരമുണ്ടു്.

മിസ്റ്റർ ടി. കെ. നായർ—ഇതു നടപ്പിൽ വരുത്താൻ ഗവർമ്മെണ്ടിനു ബുദ്ധിമുട്ടുണ്ടെന്നു എനിക്കു അറിയാം!

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—കടമോഷൻ സ്വീകരിച്ചിരിക്കുന്നു.

മിസ്റ്റർ ടി. കെ. നായർ.—എന്റെ ആവശ്യം പഞ്ചായത്തുകാർക്കു ഈ അധികാരം കൊടുക്കണമെന്നു മാത്രമേയുള്ളു. ഇതു ഇവിടെ പാസ്സായാൽ മാറാം ചെയ്യേണ്ടതെല്ലാം ഗവർമ്മെണ്ടു ചെയ്യണം.

റാവുസാഹിബ്ബ മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—സ്വീകരിച്ചിരിക്കുന്നു.

മിസ്റ്റർ ടി. കെ. നായർ.—ഇനി ഞാൻ പഞ്ചായത്തിൽ ഹർജികൊടുത്താൽ മതിയൊ?

Rao Sahib Mr. T. V. Kasturi Ranga Ayyar.—These are all things in which we cannot give a cut and dry answer. There are some sound principles of administration. There is the Government. There is also the Panchayat Regulation and what the Hon'ble Member has suggested is also there. I can say that it will be placed before the Government.

മിസ്റ്റർ ടി കെ. നായർ—പഞ്ചായത്തു റെഗുലേഷൻപ്രകാരം അവർക്കു അധികാരമുണ്ടെങ്കിൽ ഞങ്ങൾക്കു അവിടെ ഹരജികൊടുക്കാമൊ?

റാവുസാഹിബ്ബ മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇപ്പോൾ ഈ കടമോഷൻവഴി ആവശ്യപ്പെട്ടിട്ടുള്ള അധികാരം പഞ്ചായത്തു റെഗുലേഷൻപ്രകാരം ഉള്ള ഒരേപ്പാട്ട ആയ്കൊണ്ടു അതു നടത്തുന്നതിൽ ഗവർമ്മെണ്ടു പഞ്ചായത്തുകൾക്കു അധികാരം കൊടുക്കുന്നതാകുന്നു.

Mr. T. K. Nayar.—I may be allowed to withdraw the motion.

The Motion was withdrawn with leave of the House.

Motion No. 18.

As the following motion was not moved it was considered withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Mr.C. A. Ouseph.—*To reduce the total allotment of Rs. 3,03,500 under Demand No. 1 by Re 1.*

Motion No. 19.

Mr. T. A. Ramachandra Ayyar.—*To reduce the total allotment of Rs. 3,03,500 under Demand No. 1 by Re. 1.*

Mr. T. A. Ramachandra Ayyar.—The object of this motion is that liberal remissions of Land Revenue may be given to save the distress caused on account of the economic depression.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ലോകം മുഴുവനും ക്ഷാമദേവതയുടെ ബാധഉണ്ടായിരിക്കുന്ന ഒരു അവസരത്തിൽ ഇതിനെപ്പറ്റി ഒരു പ്രസംഗത്തിന്റെ ആവശ്യം ഇല്ല. നെല്ലുവില കുറഞ്ഞു, നാളികേരത്തിന്റെ വില കുറവു്, കച്ചവടത്തിന്റെ മാന്ദ്യം ഇതെല്ലാമാണു് ക്ഷാമത്തിന്റെ കാരണം, അതിനാൽ നികുതി കുറവുചെയ്യ കൊടുക്കുക മുതലായി റെവന്യൂ ഡിപ്പാർട്ടുമെണ്ടു മുഖേന ചില സംഗതികൾ ചെയ്യകൊടുക്കണമെന്നു അപേക്ഷിക്കുന്നായിട്ടാണ ഞാൻ ഈ കട്മോഷൻ അയച്ചിട്ടുള്ളതു്. അതുകൊണ്ടു ആവശ്യമുള്ളടിക്കുകളിൽ നികുതികുറവുചെയ്യ കൊടുക്കയും, കൃഷിവായ്പയായി കൊടുത്തിട്ടുള്ള പണം അടച്ചു തീർക്കുന്നതിനുള്ള അവധി കൂട്ടിക്കൊടുക്കുകയും, ഇനിയും തരമുള്ളിടത്തോളം കൃഷിവായ്പ കൊടുക്കുകയും ചെയ്യേണമെന്നാണു് എന്റെ അപേക്ഷ.

മിസ്റ്റർ സി. എ. ഔസേപ്പു.—നികുതി കുറവുചെയ്യ കൊടുക്കുന്നതുകൊണ്ടു ശവമ്മെണ്ടിനു വരുന്ന നഷ്ടത്തെ പരിഹരിക്കുന്നതിനു ശവമ്മെണ്ടു കൊല്ലം തോറും ചെയ്യേണ്ട ചിലവു ചെയ്യുന്നതിനു സഹായിക്കുന്ന ഏതെങ്കിലും മാർഗ്ഗം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കാമൊ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പരിഹാരമാർഗ്ഗം ശവമ്മെണ്ടുതന്നെ കണ്ടുപിടിക്കേണ്ടതാണ". അതിനാണു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണമെന്നും മറ്റും ഇവിടെ പറഞ്ഞതു്.

മിസ്റ്റർ സി. എ. ഔസേപ്പു.—ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ശവമ്മെണ്ടു നികുതി ഇളവുചെയ്യ കൊടുക്കണമെന്നു അഭിപ്രായപ്പെടുന്നതിനു വലിയ പ്രയാസമില്ല. എന്നാൽ അതേഘട്ടത്തിൽ തന്നെ നാം ഇവിടെ പറയുന്നതു് ഈ ദേശത്തു ഇന്നിന്ന ആവശ്യങ്ങളുണ്ടു, ആ ദേശത്തു ഇന്നിന്ന ആവശ്യങ്ങളുണ്ടു എന്നാണു്. നാം പറയുന്നതിനു ആവശ്യമായ വിധത്തിൽ ചിലവുകൾ ശവമ്മെണ്ടു ചെയ്യില്ലെങ്കിൽ ശവമ്മെണ്ടിന്റെ പ്രവൃത്തി വളരെ പിന്തുക്കോട്ടുകിടയാണെന്നു നാം ഇവിടെ ആക്ഷേപിക്കുന്നു. ശവമ്മെണ്ടിനുള്ള വരവിനെ അതായ്യ അനവധി കാലമായി വന്നുകൊണ്ടിരിക്കുന്ന വരവിനെ ഇളവുചെയ്യ കൊടുക്കണമെന്നു അഭിപ്രായപ്പെടുന്നതോടുകൂടിത്തന്നെ ചിലവു കുറക്കുന്നതിനൊ അല്ലെങ്കിൽ വേറെ വിധത്തിൽ വരവിനെ വർദ്ധിപ്പിക്കുന്നതിനൊ ഉള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതാണു". ഞാൻ ഇപ്രകാരം പറയുന്നതുകൊണ്ടു യാതൊന്നും ഇളവുചെയ്യ കൊടുക്കരുതെന്നു ഞാൻ അഭിപ്രായപ്പെടുന്നതായി വിചാരിക്കരുതു. ഫാമിൻ-ഓണ്ടിൽ വലിയ വെള്ളപ്പൊക്കമുണ്ടായതിനുശേഷം ശവമ്മെണ്ടു ഫാമർ-ൽ വളരെ നികുതി ഇളവുചെയ്യ കൊടുത്തതായി നമുക്കു അറിയാം. ഇപ്പോഴും ഏതെങ്കിലും കാര്യത്തിൽ ഇളവുചെയ്യ കൊടുക്കേണ്ടതായി വന്നാൽ ശവമ്മെണ്ടു അപ്രകാരം പ്രവർത്തിക്കുമെന്നു എനിക്കു നല്ല വിശ്വാസവും ഉണ്ടു.

മിസ്റ്റർ ടി. കെ. നായർ.—വെള്ളപ്പൊക്കക്കാലത്തു ഉണ്ടായിരുന്ന ക്ഷാമത്തെക്കാൾ വലിയ ക്ഷാമമാണു് ഇപ്പോൾ ബാധിച്ചിരിക്കുന്നതു്.

മിസ്റ്റർ സി. എ. ഔസേപ്പു.—ക്ഷാമം ബാധിച്ചതുകൊണ്ടു നികുതി ഇളവുചെയ്യ കൊടുക്കണമെന്നുള്ള പ്രമാണം സ്വീകരിക്കുന്നപക്ഷം വ്യവലക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ചിലപ്പോൾ വരവുള്ളതിൽ ഒറ്റ പൈ പോലും ഗവൺമെണ്ടിനു കിട്ടുക യില്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ! ക്ഷാമം ഒരാളിനൊ, രണ്ടാളിനൊ ഉള്ളതല്ല. ഇൻഡ്യയിൽ പലേടത്തും ക്ഷാമംബാധിച്ചിട്ടുണ്ട്. കള്ളുഷാപ്പു ലേലം വിളിച്ചവർ തുക തിരിച്ചു ആവശ്യപ്പെടുന്ന പക്ഷം അതെല്ലാം കൊടുത്തു അവരെ ഒഴിവാക്കികൊടുക്കണമെന്നു ഒരു പ്രമേയം ഇവിടെ പാസ്സാക്കിയതായി ഞാൻ അറിയുന്നു. ഗവൺമെണ്ടും ജനങ്ങളുമായി ദ്രവ്യസംബന്ധമായി ഏർപ്പെട്ടിട്ടുള്ള സകല സംഗതികളിലും ജനങ്ങൾക്കു നഷ്ടമായിട്ടാണിരിക്കുന്നതു". ജനങ്ങളിൽ നിന്നും ഗവൺമെണ്ടിലേക്കു വരേണ്ടതായ സംഖ്യ ഇളവുചെയ്തുകൊടുക്കണമെന്നു പറയുന്നതു ന്യായമല്ല. ഗവൺമെണ്ടു നടക്കാതെ നിവർത്തിയില്ല. ഗവൺമെണ്ടു നടക്കണമെങ്കിൽ ഗവൺമെണ്ടിനു വരവുണ്ടായിരിക്കയും വേണം. ഇങ്ങിനേയുള്ള വരവുകളിൽ ഒന്നാണു ഭൂനികുതി. ഗവൺമെണ്ടിന്റെ ഭൂമി ജനങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കുന്നതിനു വേണ്ടി ഗവൺമെണ്ടിനു ജനങ്ങൾ കൊടുക്കുന്ന ഒരു ആദായമാണു ഈ ഭൂനികുതി. വലിയ വിളവുണ്ടാകുന്ന കാലത്തു ഗവൺമെണ്ടു ജനങ്ങളോടു കൂടുതൽ നികുതി ആവശ്യപ്പെടുന്നില്ല. ചിലപ്പോൾ ൧൦ വിളവുണ്ടാകുന്ന കാലമുണ്ടു. കൂടുതൽ പ്രയത്നിച്ചാൽ കൂടുതൽ വിളവു ഉണ്ടാകുന്നുണ്ടു. ആ കാലത്തു ഗവൺമെണ്ടു കൂടുതൽനികുതി ആവശ്യപ്പെടുന്നില്ല. ക്ഷാമംഉണ്ടായി എന്ന കാരണത്താൽ നികുതി ഇളവുചെയ്തു കൊടുക്കുന്നതു" ധനതത്വശാസ്ത്രത്തിനു യോജിച്ചതല്ല. നേരെ മറിച്ചു കൃഷി തീരെ നശിച്ചുപോയി എന്നു വന്നാൽ തിർച്ചയായും ഗവൺമെണ്ടു നികുതി ഇളവുചെയ്തു കൊടുക്കേണ്ടതുണ്ടു. അങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടില്ലാത്തതിനാൽ നികുതി ഇളവുചെയ്തു കൊടുക്കണമെന്നുള്ള ഉപക്ഷേപത്തെ പിന്താങ്ങുന്നതിനു ഞാൻ വഴികാണുന്നില്ല.

മിസ്റ്റർ ജോസഫ് പെട്ടു—സർ, ഞാൻ ഈ ഉപക്ഷേപത്തെപറ്റി ഇട്ടേ തന്നെ സംസാരിക്കണമെന്നു വിചാരിച്ചിരുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട അന്തിക്കാട്ടു മെമ്പരുടെ അഭിപ്രായം കേട്ടപ്പോൾ അതു സംബന്ധിച്ചു ഒന്നും പറയാതിരിക്കുന്നതു ഉചിതമല്ലെന്നു തോന്നി. അതുകൊണ്ടാണു രണ്ടു വാക്കു പറയാമെന്നു വെച്ചതു. ക്ഷാമബാധിതരായ കർഷകന്മാർക്കു ഭൂനികുതി കുറവുചെയ്തുകൊടുക്കുന്നതു ധനശാസ്ത്രത്തിനൊതിരാണെന്നു ബഹുമാനപ്പെട്ട അന്തിക്കാട്ടു മെമ്പർ പറഞ്ഞതു അത്ര ശരിയല്ലെന്നാണു എന്റെ അഭിപ്രായം. ക്ഷാമം എല്ലാവരെയും ബാധിച്ചിട്ടില്ലെന്നാണു അദ്ദേഹം പറയുന്നതു. എന്നാൽ ചിലരെയെങ്കിലും അതു ബാധിച്ചിട്ടുണ്ടെന്നുള്ളതിനു പക്ഷാന്തരമില്ലല്ലൊ. അങ്ങിനെ പ്രത്യേകവിധത്തിൽ ക്ഷാമം ബാധിച്ചിട്ടുള്ളതു കൃഷിക്കാരെയാണെന്നുള്ളതിനും സംശയമില്ല. കൃഷി ഉല്പന്നങ്ങളുടെ വില വളരെ കുറഞ്ഞുപോയതുകൊണ്ടാണു ഇപ്പോഴത്തെ ക്ഷാമം വന്നു ഭവിച്ചിട്ടുള്ളതു. നമുക്കു വില്പാനുള്ള സാധനങ്ങൾക്കു വില വളരെ കുറഞ്ഞും വാങ്ങേണ്ട സാധനങ്ങൾക്കു അതുതന്നെ വില കുറയാതെയുമാണിരിക്കുന്നതു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, നമുക്കു കിട്ടേണ്ട സംഖ്യ കുറഞ്ഞും നാം കൊടുക്കേണ്ടസംഖ്യ കുറയാതെയുമിരിക്കുന്നു. ഇതാണു ഇന്നത്തെ നമ്മുടെ ക്ഷാമത്തിന്റെ പ്രധാനഹേതു. ക്ഷാമം പ്രധാനമായി ബാധിച്ചിരിക്കുന്നതു കൃഷിവലന്മാരെയായതുകൊണ്ടു അവർക്കു എതെങ്കിലും പ്രത്യേകനിവാരണമാർഗ്ഗം ഉണ്ടാക്കികൊടുക്കേണ്ടതു അത്യാവശ്യമാണു. ഭൂനികുതി കുറവുചെയ്യുന്നതുകൊണ്ടു ഗവൺമെണ്ടിന്റെ ആദായത്തിനു കുറവു സംഭവിക്കുമെന്നുള്ളതു ശരിയാണു. പക്ഷേ അപ്രകാരം ആദായം കുറയുന്നതിനനുസരിച്ചു ഗവൺമെണ്ടിന്റെ ചെലവു ചുരുക്കുന്നതിനും, എന്നല്ല മറ്റുവിധത്തിൽ ആദായം തന്നെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഈ സഭയിൽ നിർദ്ദേശിക്കപ്പെടുകയുണ്ടായിട്ടുണ്ടു. ചെലവു ചുരുക്കേണ്ട മാർഗ്ഗങ്ങൾ പലതും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. അവയിൽ ഒന്നു ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറക്കുക എന്നുള്ളതാണു. ഇപ്പോഴത്തെ ക്ഷാമകാലത്തു ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ൧൦ ശതമാനമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

വെട്ടികുറക്കുന്നതുകൊണ്ടു യാതൊരു ദുഷ്പ്രവും നേരിടാനില്ല. കാരണം പണത്തിന്റെ വില ഇപ്പോൾ വളരെ അധികരിച്ചിട്ടുണ്ടെന്നുള്ളതുതന്നെ. ധനശാസ്ത്രപ്രകാരം നോക്കുകയാണെങ്കിൽ പണത്തിനും ഒരു വിലയുണ്ടു. ആ വില ഇപ്പോൾ വളരെ വർദ്ധിച്ചിട്ടുണ്ടു". ഇപ്പോൾ ൧൦൦ രൂപയ്ക്കുള്ള വില ഒരഞ്ചു കൊല്ലംമുമ്പു ഉണ്ടായിരുന്നതിൽ വളരെ അധികമാണു". അന്നു ൫൦൦ക. കിട്ടിയിരുന്ന ഒരാൾക്കു ഇന്നു ൧൫൦ക. കിട്ടിയാൽ അന്നത്തെപ്പോലെതന്നെ സുഖമായി കാലയാപനം ചെയ്യാം. അങ്ങിനെനോക്കുമ്പോൾ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ, എന്നുവച്ചാൽ ൫൦൦ ക. യിൽ കൂടുതൽ മാസശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ, ശമ്പളം ൧൦ ശതമാനമെങ്കിലും വെട്ടികുറക്കുന്നതുകൊണ്ടു അവർക്കു യാതൊരു പ്രയാസവും ബുദ്ധിമുട്ടും നേരിടുമെന്നു വിചാരിപ്പാൻ പാടില്ല.

മുൻപ്രസ്താവിച്ചതുപോലെ, ഗവർമ്മെണ്ടിന്റെ ചെലവു ചുരുക്കുന്നതിനു മാത്രമല്ല ആദായം വർദ്ധിപ്പിക്കുന്നതിനു കൂടിയും വേണ്ട മാർഗ്ഗങ്ങൾ ഈ സഭ ചൂണ്ടികാണിക്കയുണ്ടായി. ക്ഷാമം പലരേയും ബാധിച്ചിട്ടുണ്ടെങ്കിലും താരതമ്യേന കൃഷിവലന്മാരുടെ ഇടയിലാണ അതിന്റെ കാഠിന്യം പ്രത്യക്ഷപ്പെടുന്നതു. ആകയാൽ കൃഷിയിൽ നിന്നല്ലാതെയുള്ള ആദായങ്ങളിന്മേൽ ഒരു നികുതി ചുമത്തി ഗവർമ്മെണ്ടിന്റെ ആദായം വർദ്ധിപ്പിക്കണമെന്നാണ പല ബഹുമാനപ്പെട്ട മെമ്പർമാരും ഇവിടെ അഭിപ്രായപ്പെട്ടിട്ടുള്ളതു. അങ്ങിനെ കർഷകന്മാരല്ലാത്തവരിൽ നിന്നു ഒരു ആദായനികുതി പിരിക്കുകയാണെങ്കിൽ കൃഷിക്കാർക്കു ഏതെങ്കിലും വിധത്തിൽ ഭൂനികുതി ഇളവുചെയ്തു കൊടുക്കുന്നതുകൊണ്ടു ഗവർമ്മെണ്ടിന്റെ വരവിൽ ഉണ്ടാകുന്ന കുറവിനെ പരിഹരിക്കുന്നതിനുമാത്രമല്ല, കുറച്ചു മിച്ചം ഉണ്ടാക്കുന്നതിനുകൂടി സാധിക്കുന്നതാണ്".

ഇങ്ങനെ ഗവർമ്മെണ്ടിന്റെ ചെലവു ചുരുക്കുന്നതിനും ആദായം വർദ്ധിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ ഈ സഭ ചൂണ്ടികാണിച്ചിട്ടുണ്ടു. നാടിന്റെ നട്ടെല്ലു എന്നു ഉൽഘോഷിക്കപ്പെടുന്ന കർഷകന്മാരെ ക്ഷാമബാധയിൽനിന്നു രക്ഷിച്ചു, രാജ്യത്തിനു വേണ്ടി ഇനിയും ജീവിക്കുന്നതിനു പ്രാപ്തന്മാരാക്കിത്തീർക്കത്തക്ക വിധം ഏതെങ്കിലും നിവാരണമാർഗ്ഗങ്ങൾ ചെയ്തുകൊടുക്കേണ്ടതു ഗവർമ്മെണ്ടിന്റെ കടമയാണു. ആകയാൽ അതിലെക്കു ഭൂനികുതി അല്പം കുറവുചെയ്തു കൊടുക്കുന്നതു ഉത്തമമായിരിക്കും. പഞ്ചാബിൽ പലേടത്തും ഭൂനികുതി ൫൦ ശതമാനം ഇളവുചെയ്തു കൊടുത്തതായി പത്രങ്ങളിൽ കാണുകയുണ്ടായി. മറ്റു പല സ്ഥലങ്ങളിലും ഭൂനികുതി കുറക്കുന്നുണ്ടു. കപ്പൂത്തല എന്ന നാട്ടുരാജ്യത്തു" ഭൂനികുതിയിൽ ഗണ്യമായ കുറവുചെയ്തു കൊടുത്തതായി അറിയുന്നുണ്ടു. ഈ സ്ഥിതിക്കു നമ്മുടെ രാജ്യത്തും കർഷകന്മാരുടെ രക്ഷ ഉദ്ദേശിച്ചു ഭൂനികുതിയിൽ അല്പമെങ്കിലും കുറവുചെയ്തു കൊടുക്കുന്നതു ഏറ്റവും ഉത്തമമായിരിക്കും.

മിസ്റ്റർ സി. എ. ഔസെപ്പ്.—കപ്പൂത്തലയിൽ ഭൂനികുതി ഇളവുചെയ്തു കൊടുത്തതായി മെമ്പർ പറഞ്ഞുവല്ലൊ. എന്നാൽ അവിടെ ജനങ്ങൾക്കുവേണ്ടി നാടിന്റെ ആകെ ആദായത്തിൽ എത്ര ശതമാനമാണ ഉപയോഗിക്കുന്നതു എന്നു മെമ്പറിനു പറയാമൊ?

മിസ്റ്റർ ജോസഫ് പെട്ട.—'ജനങ്ങൾക്കുവേണ്ടി' എന്നു പറയുന്നതിന്റെ അർത്ഥവ്യാപ്തി എത്രമാത്രമുണ്ടെന്നു പറഞ്ഞാൽ കൊള്ളാം

മിസ്റ്റർ സി. എ. അവുസെപ്പ്.—കൊട്ടാരം വക ചെലവുകൾ നീക്കി ജനങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി എത്ര ശതമാനമാണ ചെലവു ചെയ്യുന്നതെന്നു അറിയാമൊ?

മിസ്റ്റർ ജോസഫ് പെട്ട.—അത്തരത്തിലുള്ള അറിവു എനിക്കില്ല.

മിസ്റ്റർ. സി. എ. ഔസേപ്പ്.—On a point of information, Sir. കപ്പൂത്തല ഭൂനികുതി ഇളവുചെയ്തു കൊടുത്തതായി മെമ്പർ പറഞ്ഞുവല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ അവിടെ ജനങ്ങൾക്കുവേണ്ടി നാട്ടിന്റെ ആകെ ആദായത്തിൽ എ ത്ര ശതമാനമാണ ഉപയോഗിക്കുന്നതെന്ന മെംബറിനു പറയാമൊ?

മിസ്റ്റർ. ജോസഫ പൊട്ട.—ഞത്തായത്തിലുള്ള അറിവു എനിക്കില്ല.

മിസ്റ്റർ. കെ. മുഹമ്മദ് സീതി.—ഞാൻ ഈ ഉപക്ഷേപത്തെ വളരെ സന്തോ ഷത്തോടുകൂടി അനുകൂലിക്കുന്നു. എന്റെ മാന്യസ്നേഹിതൻ അന്തിക്കാട്ട മെ മ്പർ കർഷകന്മാരുടെ ഒരു വലിയ ബന്ധുവാണെന്നാണ അദ്ദേഹം ഇവിടെ നട ത്തിയിട്ടുള്ള മിക്കസംഗതികളിൽനിന്നും ഞാൻ മനസ്സിലാക്കീട്ടുള്ളതു. പുതിയ സംഗതികൾ നഗരങ്ങളെ സംബന്ധിച്ചുവരുമ്പോൾ കർഷകന്മാരുടെ കാര്യം നോ ക്കാതെ നഗരങ്ങളുടെ കാര്യം നോക്കുന്നതു വളരെ കഷ്ടമാണെന്നും പലപ്പോ ഴും ഈ സഭയിൽവെച്ചു ശക്തിയുക്തം ഉൽഘോഷിക്കയും കർഷകന്മാരുടെ കൃതജ്ഞതയെ അഹ്വിക്കുന്നതിനുള്ള ഒച്ചപ്പാടുകൾ ഉണ്ടാക്കുകയും ചെയ്തു. അ ദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽസ്ഫുരിക്കുന്ന കർഷകസ്നേഹവും മൈത്രിയുംകൊ ണ്ടുകർഷകന്മാക്ക എത്രത്തോളം ഫലമുണ്ടാകുമെന്നു അളന്നു നോക്കുകയാണ ഈ പ്രമേയത്തിന്റെ ഉദ്ദേശം. അവക്ക വല്ല ഒരു പൈയെങ്കിലും ഇളവുചെയ്തു കൊടുക്കുന്ന കാര്യത്തിലാണ അവരോടുള്ള സ്നേഹം പ്രദർശിപ്പിക്കേണ്ടതു. ഇ ക്കാര്യത്തിൽ ആ മെമ്പറിന്റെ അഭിപ്രായം കേട്ടപ്പോൾ എനിക്കു വാസ്തവ ത്തിൽ വലിയ മനോവേദന തോന്നി. എനിക്കു ധനശാസ്ത്രസംബന്ധമായി വലിയ അറിവില്ലെങ്കിലും ഇതു സംബന്ധമായി അന്തിക്കാട മെമ്പർ പുറപ്പെ ടുവിച്ച അഭിപ്രായങ്ങൾ വളരെ അബദ്ധമാണെന്നാണ എനിക്കു തോന്നുന്ന തു. ബഹുമാനപ്പെട്ട അഡ്വർ മെമ്പറിന്റെ പ്രസംഗംകൊണ്ടു ആ ഭയം തീർന്ന തുകൊണ്ടു കുറെകൂടി സ്വാതന്ത്ര്യമായി എനിക്കു സംസാരിക്കാമെന്നു തോന്നു ന്നു. നാട്ടിൽ വിഷമങ്ങൾ ഉണ്ടെന്നും അതിന്നു പരിഹാരം ഉണ്ടാക്കണമെ ന്നുമുള്ളതിൽ ഇവിടെ അഭിപ്രായ വ്യത്യാസമുള്ളതായി കാണുന്നില്ല. അ തിനുള്ള മാർഗ്ഗങ്ങൾ ചൂണ്ടികാണിക്കുന്നതിൽ ആണ അഭിപ്രായവ്യത്യാസമുള്ള തു. നമ്മുടെ കച്ചവടവ്യാപ്തി വർദ്ധിപ്പിക്കുന്നതിന്നായി ഒരു കച്ചവട പ്രതി നിധിയെ നിയമിക്കണമെന്നു പറഞ്ഞപ്പോൾ അതു കോമാളി അഭിപ്രായമാ ണെന്നാണ അന്തിക്കാട്ട മെമ്പർ പറഞ്ഞതു. കുറികൾ നിർത്തിവെക്കണമെന്നു പറഞ്ഞപ്പോൾ അതു പ്രായോഗികമല്ലെന്നായി അദ്ദേഹത്തിന്റെ വാദം. ശ മ്പളം ഇളവുചെയ്തു കൊടുക്കണമെന്നു പറഞ്ഞപ്പോൾ അതു ധനശാ സ്ത്രതത്വത്തിനു വിരുദ്ധമാണെന്നു അദ്ദേഹം പറയുന്നു. എന്നാൽ ശരിയായ ഒരു പരിഹാരമാർഗ്ഗം ചൂണ്ടികാണിക്കുവാൻ അദ്ദേഹം തയ്യാറുമില്ല. ഇതൊക്കെ കേൾക്കുമ്പോൾ ഈ സംഗതിയെപ്പറ്റി എന്തെങ്കിലും ഇവിടെ പറഞ്ഞാൽ അതിനെ എതിർക്കാനായിട്ടാണ് അദ്ദേഹം ഒരുങ്ങിയിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. വാസ്തവത്തിൽ നികു തി കൊടുക്കാൻ നിവൃത്തി ഇല്ലാതെ ഇന്നു വളരെ ആളുകൾ കഴുങ്കുന്നുണ്ടെന്നു ള്ള പരമാർത്ഥം അങ്ങു വിസ്മരിക്കാൻ സാധിക്കയില്ല. ധനശാസ്ത്രസംബന്ധ മായും വളരെ കുഴപ്പങ്ങൾ ഉണ്ട. ആളുകളെ കൊന്നിട്ട പണംസമ്പാദിക്ക ുക എന്നുപറയുന്നതും ധനശാസ്ത്രസംബന്ധമായിട്ടുള്ളതാണ. നീതിശാസ്ത്രം എ ന്നുകൂടി ലോകത്തിൽ ഒന്നുണ്ട. ധനശാസ്ത്രം മാത്രമല്ല, മനുഷ്യരുടെ പരസ്പരമാ യുള്ള പെരുമാറ്റങ്ങളും മറ്റും അടങ്ങിയ നീതിശാസ്ത്രവും ഉണ്ട. അതിനാൽ നികുതി ഇളവുചെയ്തുകൊടുക്കുന്നകാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ ഗവർമ്മെണ്ടിനോടു അപേക്ഷിക്കുന്നു. സ്ഥിരമായി ഇളവുചെയ്തുകൊടു ക്കണമെന്നുള്ള അഭിപ്രായത്തെ സ്വീകരിച്ചില്ലെങ്കിൽ താല്ക്കാലികമായി എ ങ്കിലും ഒരു നിവാരണമാർഗ്ഗം വേണമെന്നാണ ജനങ്ങൾ ആവശ്യപ്പെടുന്നതു. ശ മ്പ, അണ, പൈ ആയുള്ള ആദായം ഉണ്ടാക്കുക എന്നുള്ള നയം വെക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ ഒരുവിധത്തിലും പ്രജകൾക്കു രക്ഷചെയ്യുവാൻ സാധിക്കയില്ല. അങ്ങിനെ സ്നേഹശൂന്യമായ ഒരു ഗവൺമെണ്ടല്ല, നമ്മുടെ ഗവൺമെണ്ട എന്നാണ എന്റെ വിശ്വാസം. അതുകൊണ്ടാണ ഈ വിഷയം ഗവൺമെണ്ടിന്റെ ചിന്തക്കു വിഷയീഭവിച്ചിട്ടുള്ളതു. ക്ഷാമത്തിന്നു പൊതുവെയുള്ള ഒരു നിവാരണമാർഗ്ഗം നികുതി ഇളവുചെയ്തു കൊടുക്കുകയാണ. ആ കയ്യേത്തിൽ റെവന്യൂ ഡിപ്പാർട്ടുമെണ്ടു പ്രത്യേകം ശ്രദ്ധവെച്ചു നിവൃത്തിക്കണം. ആ കാര്യത്തിൽഇന്നനിവൃത്തിയാകുന്നതായ ഏതെങ്കിലുമെന്നല്ലാതെ മുഴവനും ഇളവുചെയ്തു കൊടുക്കണമെന്നു പറയുന്നില്ല. കുപ്പുത്തലയിൽ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നു എനിക്കു അറിവില്ല. അതിനെപറ്റി അന്തിക്കാട്ടുമെമ്പർ പലവിവരങ്ങളും ഇവിടെപറഞ്ഞു. എന്നാൽ അദ്ദേഹത്തിന്നും അതിനെപറ്റി വ്യക്തമായ അറിവില്ലെന്നും അഡ്ഹർ മെംബർ അദ്ദേഹത്തോടു ചോദിച്ച ചോദ്യങ്ങൾക്കു മറുപടിപറയാൻ സാധിക്കാഞ്ഞതിൽനിന്നും ഞാൻ ധരിച്ചിട്ടുണ്ട. കഷ്ടകന്മാരുടെ കാര്യത്തിൽ എന്റെ മാന്യസ്നേഹിതൻ അന്തിക്കാട്ടു മെമ്പറിന്നുള്ള സ്നേഹവും അനുകമ്പയും വാസ്തവത്തിൽ ഫലപ്രാപ്തിയുള്ളതാവണമെങ്കിൽ ഉപക്ഷേപത്തെ ഈ സഭ സ്വീകരിച്ചു സഹായിക്കണമെന്നു ഞാൻ അപേക്ഷിക്കയും ഞാൻ ബലമായി അനുകൂലിക്കയും ചെയ്യുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു. എത്രയൊ നിസ്സാരമായ ഒരു സംഗതിയാണ ഗവൺമെണ്ടിനോടു ജനങ്ങൾ ആവശ്യപ്പെടുന്നതു. നികുതിയിൽ ചില്ലറ ഇളവുകൾ ചെയ്തുകൊടുത്തു ഈ ക്ഷാമകാലത്തു തങ്ങളെ ഒന്നു സഹായിക്കണമെന്നാണ പ്രജകൾ ആവശ്യപ്പെടുന്നതു. എല്ലാ പ്രജകളും ഗവൺമെണ്ടിന്റെ സ്വത്താണ. പ്രജകൾക്കു സുഖമായി കാലക്ഷേപം ചെയ്യുന്നതിനു വേണ്ട സകല ഏർപ്പാടുകളും ഉണ്ടാക്കികൊടുക്കേണ്ട കടമ ഗവൺമെണ്ടിലാണ സ്ഥിതിചെയ്യുന്നതു. ഗവൺമെണ്ടു ഇപ്പോഴത്തെ നയം തുടർന്നുപോകുന്നതായാൽ എല്ലാ ഭൂമികളും ഗവൺമെണ്ടുതന്നെ പിടിച്ചടക്കി രണ്ടാമതു വിഭജനം ചെയ്യേണ്ട ആപൽഘട്ടം വന്നുകൂടുമെന്നാണ തോന്നുന്നതു. ജനങ്ങളിൽ ജോലി ഇല്ലാത്തവരായി എത്രയോ ആളുകളാണ ഇന്നു പട്ടിണിയും പാടുമായികഴിയുന്നതു. അങ്ങിനെയിരിക്കെ നികുതിസംബന്ധിച്ചു ചില്ലറ സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു ജനങ്ങൾ പറയുന്നതിൽ വൈമുഖ്യം ഗവൺമെണ്ടു കാണിക്കുന്നതു ഒരിക്കലും നന്നായിരിക്കുമെന്നു തോന്നുന്നില്ല. ചില്ലറയായി നികുതി ഇളവുചെയ്തു കൊടുക്കുന്നതിലുള്ള നഷ്ടത്തെ പരിഹരിക്കാൻ വിവിധങ്ങളായ പരിഹാരമാർഗ്ഗങ്ങളും ഇവിടെ പറഞ്ഞുകഴിഞ്ഞു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളംകുറക്കുക, വ്യവസായങ്ങൾക്കു ആദായനികുതി ചുമത്തുക ഇവയാണവയിൽ പ്രധാനമായ രണ്ടെണ്ണം. കൂടാതെ ഗവൺമെണ്ടു വിചാരിച്ചാൽ ചെറിയപലിശക്കു വലിയ കടങ്ങളും വാങ്ങാൻ സാധിക്കും. ഈ ആപൽഘട്ടം തരണംചെയ്യുന്നതുവരെ വലിയകടം ചെറിയ പലിശക്കുവാങ്ങിയെങ്കിലും ഗവൺമെണ്ടു ജനങ്ങളെ സഹായിക്കേണ്ടതു അത്യാവശ്യമാണ.

മിസ്റ്റർ ചേലൂർ ഇട്ടിരവിനമ്പൂതിരി.—ഇതിനെപ്പറ്റി ഇവിടെ പ്രസംഗിച്ച എല്ലാ മെംബർമാരും നികുതി കുറച്ചുകൊടുക്കണമെന്നാണ് അഭിപ്രായപ്പെട്ടതു. എന്നാൽ ഞാൻ നികുതി കുറയ്ക്കണമെന്നു അഭിപ്രായപ്പെടുന്നില്ല. നികുതി ചുമത്താൻ വിചാരിച്ച കാലത്തു് (1096-ൽ സെറ്റിൽമെണ്ടു) അതിനു ഉണ്ടായിരുന്ന വിലയുടെ തോതനുസരിച്ചാണ് നികുതി ചുമത്തിയതു്. അതിനാൽ ഇപ്പോഴത്തെ വില അനുസരിച്ചു മാത്രമേ നികുതിപിരിച്ചാൽമതി. നികുതി കുറയ്ക്കേണ്ടതായിവരും. അതു് കർഷകന്മാർക്കു് വലിയ സഹായവും ആയിരിക്കും. സെറ്റിൽമെണ്ടു കാലത്തെ മാർക്കറ്റ് റേറ്റ് ഒന്നായിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നു. സർക്കാർ റേറ്റ് മറ്റൊന്നായിരുന്നു. അതനുസരിച്ചാണ് നികുതി ചുമത്തിയതു്. സാധനങ്ങളുടെ വിലകുറയുന്ന കാലത്തു്. അതായതു സർക്കാർ റേറ്റും, മാർക്കറ്റ് റേറ്റും തന്നെ കുറയുന്ന കാലത്തു്. അതിനു തക്ക നികുതിയെ ഈടാക്കാൻ പാടുള്ളു. അതു ഒരു ലോകതത്വമാണു്. അതിനാൽ ഗവർമ്മെണ്ടു് വില അനുസരിച്ചു് നികുതിയും കുറയ്ക്കണം. ഈ സംഗതിയാണു് ഗവർമ്മെണ്ടു് ഒന്നാമതായി ചെയ്യേണ്ടതു്. ദേവസ്വത്തിലെയ്ക്കു തന്നെ കൊടുക്കേണ്ട നെല്ലിനെ ഫ്രണ. യായി ആദ്യം മാറ്റി. ഇപ്പോൾ വീണ്ടും ഫ്ര ണ. ആക്കിട്ടുണ്ടു്. ഈ തോതു നോക്കുമ്പോഴും ഗവർമ്മെണ്ടു് ഈ തത്വത്തെ സ്വീകരിക്കാൻ-ഭയപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ കൊല്ലം കടന്നുപോയി. അടുത്ത കൊല്ലമെങ്കിലും ഈ തോതനുസരിച്ചു് നികുതി കുറയ്ക്കണം. നികുതി ജന്മികളാണു് അടയ്ക്കേണ്ടതു്. ജന്മികൾക്കു കൊടുക്കേണ്ട അനവധി കുടിയാന്മാർക്കു ജന്മിമാർ ധാരാളം ഇളവു ചെയ്തുകൊടുത്തിട്ടുണ്ടു്. ഗവർമ്മെണ്ടു ഒരു സഹായവും ചെയ്യാത്ത കാലത്താണു് ജന്മികൾ കുടിയാന്മാർക്കു പല വകയിലും പല തുകയും ഇളവു ചെയ്തു കൊടുത്തിട്ടുള്ളതു്. സ്റ്റേയിറ്റിൽ ആകെ ൪൦,൦൦൦ പട്ടദാരന്മാർ ഉണ്ടു്, അതു മുഴുവൻ കൃഷി ചെയ്യുന്നതു് കുടിയാന്മാരാണു്. ചില്ലറ ആദായങ്ങൾ അവർക്കാണു് മുഴുവനും കിട്ടുന്നതു്. അവർ ജന്മികൾക്കു തരേണ്ട പാട്ടത്തിലും മറ്റും ഭേദഗതി ചെയ്യാതെ കക്ഷത്വം പിടിച്ചാൽ അവർ കൃഷി ചെയ്യുകയില്ല. ഗവർമ്മെണ്ടു കൃഷിക്കു എന്തെങ്കിലും വേണ്ട സഹായം ചെയ്തുകൊടുക്കേണ്ടിവരുമെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—നികുതി കുറയ്ക്കണമെന്നുള്ള വാദം അധികവും വരുന്നതു അധികം നികുതി കൊടുക്കാനുള്ളവരുടെ ഇടയിൽ നിന്നാണെന്നു് തോന്നുന്നു. ഒരു എക്കർകാരന്റെ കാര്യം എടുക്കുക. ഞാൻ തിരുക്കിയതിൽ അയാൾക്കു ർ൯ ശ്രുപാ നികുതിവരും. ഗവർമ്മെണ്ടു നികുതി കുറയ്ക്കുകയാണെങ്കിൽ അയാൾക്കു ഫ൯ ശ്രുപയോ ഒരു ശ്രുപയൊ കുറച്ചു കിട്ടിയെന്നു വരാം. ഈനികുതി കുറച്ചുകൊടുക്കൽകൊണ്ടു ഗവർമ്മെണ്ടിനു ഒരുവലിയനഷ്ടം വരുന്നുണ്ടെങ്കിലും അതുകൊണ്ടു ജനസാമാന്യത്തിനു വലിയ ക്ഷാമപരിഹാരം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഒരേക്കർകാക്കാണു് അധികം ക്ഷാമവും ബുദ്ധിമുട്ടുള്ളതു്. ആ സാധുക്കളുടെ തലയിലിരുന്നു അവരെ ഞെക്കുന്നതു കട ബാദ്ധ്യതകളും കുറിബാദ്ധ്യതകളും ആയിരിക്കും. ഇങ്ങിനെയുള്ള കാര്യങ്ങളിൽ പരിഹാരം ചെയ്യാതെ ജന്മികളുടെ വാദം കേട്ടും കൊണ്ടു് നികുതി കുറയ്ക്കുന്ന കാര്യത്തിൽ മാത്രം ഗവർമ്മെണ്ടു ചാടി പുറപ്പെട്ടാൽ രാജ്യത്തിലെ ആദായം നഷ്ടപ്പെടുക അല്ലാതെ പാവങ്ങൾക്കു ഗുണം ഉണ്ടാകുമൊ എന്നു എനിക്കു് സംശയമാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ.—ഞാൻ ഇതിനെപ്പറ്റി സംസാരിക്കണമെന്നു വിചാരിച്ചിരുന്നില്ല. എന്നാൽ എനിക്കു മുമ്പായി സംസാരിച്ച മെമ്പർ ജന്മികളുടെ പേരിൽ ആരോപിച്ച ചില ചാർജ്ജുകളാണു എന്നെ ഇതിനു നിർബ്ബന്ധിക്കുന്നതു. ജന്മികളല്ല കൃഷി നടക്കുന്നതു്. നടക്കുന്ന ജന്മികൾക്കു് ആക്ഷേപവുമില്ല. തെക്കെ ഈഴവ പ്രതിനിധി പറയുന്നതുപോലെ ജന്മികൾ അതു മയയില്ലാത്ത ആളുകളല്ല. ജന്മികൾ ദയയില്ലാത്തവരാണെന്നു തോന്നുന്നതു മുഖ്യമായിട്ടു നടക്കാത്ത കുടിയാന്മാർക്കു മാത്രമാണു്. കുടിയാന്മാരെ സ്ഥായിയില്ലെങ്കിൽ അവരെ ഒഴിപ്പിക്കുവാൻ ജന്മികൾക്കു യാതൊരു പ്രയാസവുമില്ല. മറിച്ചു് അവരെ കുടിയാനായാലുണ്ടാകുന്ന ഗുണം നല്ലവണ്ണം ഓർത്തു ജന്മികൾ അവരുടെ കുടിയാന്മാർക്കു സകലവിധ സഹായങ്ങളും ചെയ്യുവരുന്നുണ്ടു്. ജന്മികൾ കുടിയാന്മാർക്കു പാട്ടം വിട്ടുകൊടുക്കുന്നതു. കൊടുപ്പാൻവെച്ച സംഖ്യക്കു തന്നെ അവധി കൂട്ടികൊടുക്കുന്നു, ഇക്കൊല്ലം പകുതി

LIBRARY ARCHIVES Kerala Legislative Assembly

പാട്ടം തന്നെ അടച്ചിട്ടില്ല. ജന്മികൾക്ക വലിയ നഷ്ടമാണ. അതുകൊണ്ട ഗവർമ്മെണ്ട ജന്മികൾക്ക നികുതി വിട്ടുകൊടുക്കുന്നതിൽ അത്ര അസൂയക്ക അവകാശമില്ല. ജന്മിയുടെ പിടിത്തം പോലെയാണ് കുടിയാന്മാർക്കുള്ള സഹായം. എങ്ങിനെ ആയാലും ഇക്കൊല്ലം ജന്മികളെക്കാൾ കുടിയാന്മാർക്കാണ" ധനം. കുടിയാന്മാർക്ക വിത്ത കൊടുത്ത കൃഷി ചെയ്യിക്കണം. ആദായം കുടിയാൻ തന്നെയാണ്. ഇവിടെ പ്രസ്താവിക്കുന്നതു കേൾക്കുമ്പോൾ ജന്മികൾ വസ്തുവിന്മേൽ യാതൊരു അവകാശവുമില്ലാത്ത ഒരു വർഗ്ഗമാണെന്ന തോന്നിപ്പോകും. ജന്മികൾക്ക കൃഷി വരവല്ലാതെ വേറെ ഒന്നുമില്ലെന്ന ഓർക്കേണ്ടതാണ, അതിനാൽ ഇവിടെ വല്ലതും പറയുമ്പോൾ ഒന്ന ആലോചിച്ചതിന്ന ശേഷം പറഞ്ഞാൽ കൊള്ളാമെന്നുണ്ട.

മിസ്റ്റർ പി. എസ്സ്". കേശവൻനമ്പൂതിരി.—നികുതി കുറവു ചെയ്തുകൊടുത്താൽ ജന്മികളുടെ ഭാരം മാത്രം കുറവു വന്നുപോയേക്കുമൊ, കുടിയാന്മാർക്ക കുറച്ചു കിട്ടാതിരുന്നേയ്ക്കുമോ എന്ന ഒരു ഭയം തൈക്കെ ഈഴവ മെംബറിനെ കലശലായി ബാധിച്ചിരിക്കുന്നതായി തോന്നുന്നു. ജന്മികൾക്ക് എന്തെങ്കിലും കുറച്ചു കിട്ടിയേയ്ക്കുമൊ എന്നുള്ള ഭയം കൊണ്ട ഗവമ്മെണ്ടു ഇക്കാര്യത്തിൽ പ്രവേശിച്ചുപോകരുതെന്ന അദ്ദേഹം പറയുന്നതായി ഞാൻ സംശയിക്കുന്നു. അതൊ ജന്മികൾക്ക മാത്രം നികുതി കുറച്ചുപോകരുതു" എന്നാണൊ ആ മെംബർ വാദിക്കുന്നതു?

മിസ്റ്റർ കെ. അയ്യപ്പൻ.—ജന്മി എന്ന പദം തന്നെ വലിയ നികുതി അടയ്ക്കുന്നവരെ ഉദ്ദേശിച്ചുള്ളതല്ല. ഈ മുസ്ലീം മെംബർ ജന്മി അല്ലാ, കുടിയാനാണ്. ജന്മി എന്നു പറയുന്നതു വസ്തു ജന്മമായിട്ടുള്ളവരാണ".

മിസ്റ്റർ പി. എസ്സ. കേശവൻനമ്പൂതിരി.—ഞാനും ഒരു കുടിയാൻ കക്ഷിക്കാരനാണ". നികുതി വിട്ടുകൊടുത്താൽ കുടിയാന്മാർക്കും ജന്മികളിൽ നിന്നു സഹായം ഉണ്ടാകുമെന്നു വിചാരിച്ചാണ് ഞാൻ ഇതിനു പിൻതാങ്ങുന്നതു. ആദായം നോക്കിയാണ് നികുതി തീർപ്പയാക്കുന്നതു്. ദയവുണ്ടു നികുതി കുറയ്ക്കുമെന്ന ഒരു നിയമം ഗവമ്മെണ്ടു വയ്ക്കുമ്പോൾ അതു എല്ലാവരെയും ബാധിക്കുന്ന ഒരു മാനദണ്ഡമായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഇന്നത്തെ സ്ഥിതിക്കു സകല ആളുകളും കുഴങ്ങുന്നുണ്ട്. അധികം നികുതി കൊടുക്കുന്നവർക്കാണ" അധികം ബുദ്ധിമുട്ട്. കുറച്ചുമാത്രം കൊടുക്കുന്നവർക്ക് അതിനനുസരിച്ചും. പൊതുവെ ആ കുഴപ്പം എല്ലാവർക്കും ശരി തന്നെ. സെറിൽമെണ്ടുകാലത്തെ ഒരു വില നിശ്ചയിച്ചാണല്ലൊ നികുതി ഏർപ്പെടുത്തിയിട്ടുള്ളതു്. ആ കണക്ക നോക്കുകയാണെങ്കിലും ഇന്നു തീർപ്പയായും കുറവു ചെയ്തുകൊടുക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥന്മാർക്ക ഇന്നത്തെ ശമ്പളം നിശ്ചയിച്ച കാലത്തു അന്നത്തെ സാധനങ്ങളുടെ വില നോക്കിയാണ്ചെയ്തിട്ടുള്ളതു്. സാധനങ്ങളുടെ വിലക്കുറവു കൊണ്ടു ഈ വിധം നികുതി വിട്ടുകൊടുക്കുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും കുറയ്ക്കുന്നതിൽ അവർക്ക ഒരു സങ്കടവും തോന്നാനില്ല. ഒരു കാലത്തു നികുതി ധാന്യങ്ങളായിരുന്നുവെന്നാണ് കേട്ടിട്ടുള്ളതു്. ഞങ്ങൾ പറയുന്നതുപോലെ നികുതി കുറവു ചെയ്തുകൊടുക്കാൻ ഗവമ്മെണ്ടു തയാറില്ലെങ്കിൽ ധാന്യങ്ങൾ തന്നെ നികുതിയായി ഗവമ്മെണ്ടു ശേഖരിക്കട്ടെ. അതു ചിലവുചെയ്യാൻ സാധിക്കുന്നിടത്തു അയച്ചു ഗവമ്മെണ്ടു ചിലവു ചെയ്യുകയൊ, ധാന്യങ്ങൾ കൊണ്ടു ഇഷ്ടം പോലെ പ്രവർത്തിക്കയൊ ചെയ്തുകൊള്ളട്ടെ. അതുകൊണ്ടു ഈ കാര്യത്തിൽ ജന്മികൾക്കായാലും കുടിയാന്മാർക്കായാലും ഈ സഹായം ചെയ്യണമെന്നാണ് എന്റെ ബലമായ അഭിപ്രായം. ഞങ്ങൾ ഈ സഭ കഴിഞ്ഞ ഉടനാടുകളിലേയ്ക്കു ചെല്ലുമ്പോൾ ഞങ്ങൾ ഇവിടെ വന്നു കൂടി ഉത്തരവാദിത്വമുള്ളവരോടു പറഞ്ഞു വാദിച്ചുവെന്നൊ കാ

LIBRARY ARCHIVES Kerala Legislative Assembly

ള്ള മാറ്റം വേണ്ടെന്ന് തീച്ചപ്പെടുത്തിയെന്നോ അവരോട് പറഞ്ഞാൽ അവർക്ക് അതൊന്നും അറിഞ്ഞിട്ട് കുഴപ്പമില്ല. നിങ്ങൾ ഞങ്ങളുടെ പ്രതിനിധികളായി പോയിട്ട് ഞങ്ങളുടെ വയറ് പിഴക്കുന്നതിന് വല്ലതും ചെയ്യോ എന്നായിരിക്കും അവരുടെ ചോദ്യം. നാട്ടുപുറങ്ങളിലെ പട്ടിണിക്ക് വല്ല ഉപശാന്തിയും ഉണ്ടാക്കാൻ എപ്പോഴെങ്കിലും ചെയ്യോ എന്നായിരിക്കും ഓരോ പ്രതിനിധികളോടും ജനങ്ങൾ ചോദിക്കുന്നത്. അതിനാൽ കൃഷിക്കാർക്ക് അനുഗ്രഹപ്രദമായ ഈ നികുതികുറവ് ചെയ്തുകൊടുക്കുന്ന പക്ഷം പൊതുവെ രാജ്യത്തിന് ശ്രേയസ്കരമായിത്തീരും. ഇക്കാരണങ്ങളാൽ ഞാൻ ഈ നിശ്ചയത്തെ ബലമായി പിന്താങ്ങുന്നു.

മിസ്റ്റർ ജോജ്ജ് ചാക്യാമറി.—നാട്ടിൽ വലിയ ക്ഷാമം ഉണ്ടെന്നു ബഹുമാനപ്പെട്ട റെവന്യൂ മെമ്പർ ഇവിടെ പലപ്രാവശ്യവും സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. അതിനു പരിഹാരമാർഗ്ഗങ്ങൾ കാണിക്കാനാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. പലവിധ പരിഹാരമാർഗ്ഗങ്ങളും ഈ സഭയിലെ അനുദ്യോഗസ്ഥ മെമ്പർമാർ എല്ലാവരും യോജിച്ചു ചൂണ്ടിക്കാണിച്ചു കൊടുത്തിട്ടും അതൊന്നും ചെയ്യുവാൻ തയാറാകാതെ ഒരു തുറന്ന മനസ്സും വെച്ചുകൊണ്ടാണ് ഗവമ്മെണ്ടിന്റെ ഇരിപ്പെന്നു അദ്ദേഹം പറയുന്നു. അല്ലാതെ ശരിയായ ഒരു മറുപടിപോലും പറയുന്നതിനു അദ്ദേഹത്തെക്കൊണ്ടു സാധിക്കുന്നില്ല. അതിനുള്ള കാരണം മാസന്തോറും വ്യ ഠ.-, ന്യാ ഠ.- ഉറപ്പിക്കുക ഗവമ്മെണ്ടിന്റെ പേരിൽ ഇൻസ്റ്റാൾമെന്റെ വിധിസമ്പാദിച്ചിട്ടുള്ളവർക്ക് ഈ ഉപദ്രവം ഉണ്ടാകാൻ ഇടയില്ലാത്തതാണ്. മേലാൽ അവർക്ക് കൊടുക്കാനുള്ള രൂപയും നാളികേരമായൊ, നെല്ലായൊ കൊടുത്തു തുടങ്ങിയാൽ അപ്പോൾ അവർക്ക് ക്ഷാമം അറിയുവാറാകും. മാസന്തോറും വ്യ ഠ.-, ന്യ ഠ.- കിട്ടുന്നവർ - നാട്ടിലെ ജനങ്ങളുടെ ക്ഷാമവും ബുദ്ധിമുട്ടും അറിയുകയില്ല. നാട്ടിൽ ക്രമത്തിലധികം ക്ഷാമം ബാധിച്ചിട്ടുണ്ട്. അതു ജനപ്രതിനിധികൾ ഇവിടെ വന്നു പറയുമ്പോൾ "മനസ്സുതുറന്നു വെച്ചിരിക്കുന്നു" എന്നൊരു സമാധാനം. രൂപയും വാങ്ങി വീട്ടിലും ആപ്പീസ്സിലുമായി സുഖിക്കുന്ന ഉദ്യോഗസ്ഥന്മാരേക്കാൾ നാട്ടിലെസ്ഥിതി കൂടുതലായി അറിയാവുന്നതു അനുദ്യോഗസ്ഥന്മാരായ ഞങ്ങൾക്കു തന്നെയാണ്. ഇതുപോലെ അധികംപേർ പലവിധവഴികളും പറഞ്ഞിട്ടും ഗവമ്മെണ്ടു യാതൊരു ശരിയായ സമാധാനവും പറയാത്തതു വളരെ കഷ്ടമായിട്ടുള്ളതാണ്. പ്രത്യേകിച്ചു എന്റെ നിയോജകമണ്ഡലത്തിൽ വലിയ ക്ഷാമമാണ്. പത്തായിരം കുടുംബത്തിലെ ജനങ്ങൾ യാതൊരു ജോലിയുമില്ലാതെ കഷ്ടപ്പെടുകയാണ്. നിർഭാഗ്യവശാൽ ഇപ്പോൾ അവിടെ ഒരു കേസ്സ് ഉണ്ടായിട്ടുള്ളതായും എല്ലാവർക്കും അറിയാം. ഈ ക്ഷാമത്തിനു എന്തെങ്കിലും ഒരു ഉപായം കണ്ടുപിടിക്കാത്തപക്ഷം ഇനിയും നൂറുകേസ്സുകൾ കൂടിയുണ്ടാകും. ഗവമ്മെണ്ടു ക്ഷാമനിവാരണത്തിനുള്ള എന്തെങ്കിലും വഴി ഉടനെ നടപ്പാക്കിയില്ലെങ്കിൽ കൊലപാതകംതന്നെ നടക്കും. ഇപ്രകാരം ഭയങ്കരമായ ഒരു നിലയിൽവന്നതിനുശേഷമെ ക്ഷാമപരിഹാരത്തിനായി എന്തെങ്കിലും ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളുവെങ്കിൽ ഗവമ്മെണ്ടു മനസ്സു തുറന്നുവെച്ചുകൊണ്ടിരുന്നാൽമതി.

നികുതി കുറവുചെയ്തുകൊടുക്കുന്നകാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട അന്തിക്കാട്ടുമെമ്പർ പറഞ്ഞതിനോടു യോജിക്കുന്നില്ല. നികുതി കുറവുചെയ്തുകൊടുക്കുന്നതു അദ്ദേഹം പറഞ്ഞമാതിരി ധനശാസ്ത്രത്തിനു വിരോധമാവുകയില്ല. നികുതി കുറവുചെയ്തുകൊടുക്കുന്നതു തെറ്റാണെന്നു ഏതു പുസ്തകത്തിലാണു എഴുതിയിരിക്കുന്നതെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞുതന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളാം. ഞാനും രണ്ടുകൊല്ലം ധനശാസ്ത്രം പഠിക്കയുണ്ടായി. ഇതേവരെ ഒരു പുസ്തകത്തിലും നികുതി ഇളവുചെയ്യകൊടുക്കരുതെന്നു എഴുതിയിരിക്കുന്നതു കണ്ടിട്ടില്ല. നികുതി ഇല്ലാതെവന്നാൽ ഗവമ്മെണ്ടു ഇല്ലാതെയായിപ്പോകുമെന്നുള്ള അദ്ദേഹത്തിന്റെ ഭയത്തിൽ അടങ്ങിയിരിക്കുന്ന രാജഭക്തിയെ ഞാൻ സ്തുതിക്കുന്നു. ഗവമ്മെണ്ടു നിന്നുപോയാൽ കഷ്ടമാണു. എന്നാൽ ജനങ്ങൾ ക്ഷാമംകൊണ്ടു പട്ടിണികിടന്നു മരിച്ചാൽ പിന്നെ ഗവമ്മെണ്ടു എന്തിനാണു? പ്രജകൾ പട്ടിണികൊണ്ടു മരിച്ചാൽ ഉദ്യോഗസ്ഥന്മാർ സുഖമായിരുന്നിട്ടുഫലമില്ല. അതിനാൽ ഗവമ്മെണ്ടു ഈ നിശ്ചയത്തെ നിസ്സാരമായി വിചാരിക്കാതെ ഗൌരവമായി ആലോചിച്ചു ഉടനടി വേണ്ടതു ചെയ്തു ജനങ്ങളെ ക്ഷാമത്തിൽനിന്നും രക്ഷിക്കണം. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. "നാട്ടിലേക്കു ആവശ്യമുള്ളതു ഇന്നതാണെന്നുപ്രതിനിധികൾ ഇവിടെവന്നു പറഞ്ഞാൽ കേൾക്കാൻ ഞങ്ങൾ മനസ്സുതുറന്നുവെച്ചിരിക്കയാണു. ഞങ്ങൾ ആലോചിച്ചു വേണ്ടതുചെയ്യും" എന്നു റെവന്യൂമെംബർ പറയുന്നതുകൊണ്ടൊന്നും പ്രജകളുടെ ക്ഷാമം തീരുകയില്ല. ജനപ്രതിനിധികൾ പറയുന്നതുകേൾക്കാൻ ഗവമ്മെണ്ടു ഒരുക്കമുണ്ടെങ്കിൽ ഞങ്ങളെല്ലാവരും ഒരുപോലെ യോജിച്ചുപറയുന്ന ഈകാര്യം ഉടനെ പ്രവർത്തിക്കണമെന്നു ഞാനും ബലമായി ആവശ്യപ്പെടുന്നു.

Rao Sahib Mr. T. V. Kasturi Ranga Ayyar.—There is not much to speak. I suppose the point has already been replied to in detailat the time of the General Discussion as well as when a similar cut motion was moved by the Hon'ble Member for Mussalmans at the time of Voting of Grant for General Administration. All these points were pressed and I have already given a reply on behalf of Government. I have nothing to add now.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ ധനശാസ്ത്രമൊ അർത്ഥശാസ്ത്രമൊ പഠിച്ചു പരീക്ഷയിൽ ജയിച്ച ഡാക്ടരൊ മറ്റൊ ആയിട്ടില്ലെങ്കിലും വകതിരിവുശാസ്ത്രം കുറച്ചൊക്കെ വശമാക്കിയിട്ടുണ്ടു. ധനശാസ്ത്രത്തിൽ നികുതി കുറവു ചെയ്യാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടൊ ഇല്ലയൊ എന്നു എനിക്കറിവില്ല. എന്നാൽ ഞാൻ വശമാക്കിയിട്ടുള്ള കാമൺസെൻസ് ശാസ്ത്രത്തിൽ കുറവു ചെയ്യാൻ വിരോധമില്ലെന്നു പറഞ്ഞിട്ടുണ്ടു. നികുതി നിശ്ചയിച്ച കാലത്തു അതിൽനിന്നും ഇന്ന അനുഭവം ഉണ്ടാകുമെന്നു നോക്കിയാണു നികുതി ചുമത്തിയിട്ടുള്ളതു. ഇന്ന നിലത്തിൽ ഇത്ര നെല്ലുണ്ടാകും, അതിന്റെ വില ഇന്നതാണ എന്ന കണക്കാക്കിയാകുന്നു അന്നു നികുതിഭാരം ഏർപ്പെടുത്തിയതു. ഇപ്പോൾ വിലയിൽ വലുതായ ദോഷം വന്നിരിക്കുന്നു.

മിസ്റ്റർ സി. എ. ഔസേപ്പു.—Sir, on a point of information. 1080-ാമാണ്ടിലൊ മറ്റൊ ആണു നികുതി ചുമത്തിയതു. അന്നത്തെ വിലയും ഇന്നത്തെ വിലയും തമ്മിൽ വലുതായ വ്യത്യാസം ഉണ്ടൊ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതിനെപ്പറ്റി ഞാൻ റെവന്യൂ മെംബറോടു ചോദിച്ചിട്ടു മറുപടി പറഞ്ഞിട്ടില്ല. അതുകൊണ്ടു നികുതി കുറവു ചെയ്യുന്നതു ധനശാസ്ത്രത്തിനു വിരുദ്ധമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. പിന്നെ മുസ്ലീം മെംബർ അവർകൾ പറഞ്ഞമാതിരി കൃഷിക്കാരുടെ ആവശ്യങ്ങൾ പറഞ്ഞു പാടങ്ങളിലെ കായ്ക്കുങ്ങളെ എതിർത്തു സകലവിധത്തിലും കൃഷിക്കാരെ ബലമായി അനുകൂലിച്ചിരുന്ന നമ്മുടെ ബഹുമാനപ്പെട്ട അന്തിക്കാട്ടു മെംബർ കൃഷിക്കാർക്കു അത്യന്താപേക്ഷിതമായ ഈ നിശ്ചയത്തെ എതിർക്കാ

LIBRARY ARCHIVES Kerala Legislative Assembly

നള്ള കാരണം, സക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളം കുറക്കണമെന്ന സഭ ഒന്നാകെ അഭിപ്രായപ്പെട്ടതാണൊ എന്ന എനിക്കൊരു സംശയം. സക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളം കുറക്കണമെന്നുപറയുന്നതിൽ ഇദ്ദേഹത്തിനു ഇത്ര ദ്വേഷ്യം വരാൻ കാരണം എന്താണെന്നും മനസ്സിലാകുന്നില്ല. നികുതി കുറവുചെയ്യണമെന്ന മാത്രമല്ല നിശ്ചയത്തിൽ പറഞ്ഞിരിക്കുന്നതു". കൃഷിവായ്പ കൂടുതലായി അനുവദിക്കുക, വായ്പയായി കൊടുത്തിട്ടുള്ള പണം മടക്കി അടക്കുന്നതിനുള്ള സമയം നീട്ടി കൊടുക്കുക എന്നിവയും നിശ്ചയത്തിൽ പെട്ടിട്ടുണ്ടു". നിശ്ചയത്തെ ഞാൻ പിൻവലിക്കുന്നു.

Deputy President.—Does the Hon'ble Member press the motion to a division?

Mr. T. A. Ramachandra Ayyar.—No, Sir.

The motion was withdrawn with leave of the House.

Motion No. 20.

As the following motion was not moved it was considered withdrawn.

Mr. A. Sankara Puduval.—*To reduce the allotment of Rs. 2,73,665, for Land Revenue by Re. 1.*

Question put: *that the Demand under Land Revenue minus Re. 1 be voted by the House.*

The Demand minus Re. 1 was carried.

1. Land Revenue—Cranganur—Rs. 13,883.

Rao Sahib Mr. T. V. Kasturi Ranga Ayyar.—I rise to move that this House will be pleased to vote a grant of Rs. 13,883 for conducting the Land Revenue Administration of Cranganur.

Motion No. 1.

Mr. K. M. Ibrahim.—*To reduce the total allotment of Rs. 13,883 under Demand No. 1 by Re. 1.*

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഒലിമുട്ടകംപോലുള്ള ചില്ലറ ഇനങ്ങൾക്കു വേണ്ടി വയ്ക്കുന്ന നികുതിയേയും നിരോധ നികുതിയേയും പ്രതിഷേധിക്കുന്നതിനാണ ഞാൻ ഈ കട്മോഷൻ കൊണ്ടുവന്നിട്ടുള്ളതു". ഈ ചില്ലറ സംഗതികൾകൊണ്ടു ഗവമ്മെൻറു നമ്മുടെ കഷ്കന്മാരോടു കാണിക്കുന്ന അനുകമ്പാവിഹീനമായ നയം നല്ലവണ്ണം പ്രത്യക്ഷപ്പെടുന്നുണ്ടു".

Deputy President.—The Malayalam Reporter is not quite well. Can you speak in English?

Mr. K. M. Ibrahim.—It is written.

ഭൂമി, വെള്ളത്തിന്റെ ആക്രമണംകൊണ്ടു നശിക്കാതിരിക്കുന്നതിനുവേണ്ട മുൻകരുതലുകൾ ചെയ്യുന്നതു നികുതിവാങ്ങിക്കുന്ന ഗവമ്മെൻറിന്റെ ധർമ്മമാണ". അതു അവർ ചെയ്യാതിരിക്കുന്നതുകൊണ്ടു കുടിയാന്മാർ സ്വന്തം ചിലവിന്മേൽ നിവ്വഹിക്കുവാൻ നിബ്ബന്ധിതരാകുന്നു. അതിനു അവരെ അനുമോദിക്കാൻ കടപ്പെട്ട ഭരണകർത്താക്കന്മാർ നിരോധ നികുതി മൂലം അവരെ ശിക്ഷിക്കുവാനാണു ഒരുമ്പെട്ടതു". എന്റെ നിയോജകമണ്ഡലത്തിലുള്ള കാഞ്ഞിരപ്പുഴ തിരുവിതാംകൂർകാർ തെക്കുവശത്തു നിന്നു നികുതി പുഴ എതാണ്ടു പകുതിയായിട്ടുണ്ടു". പുഴ നികന്നുവരുന്തോറും ഒഴുക്കു ശക്തിയാവുകമൂലം ഞങ്ങളുടെ കര നശിച്ചുതുടങ്ങും. വല്ല ഒലിവുമുട്ടോ മറ്റൊ ഇട്ടു രക്ഷപ്രാപിക്കാമെന്നുവെച്ചാൽ ഞങ്ങളുടെ കരണയേറിയ ഗവർമ്മെൻറു നിരോധന

LIBRARY ARCHIVES Kerala Legislative Assembly

നികുതിയാണ ഞങ്ങൾക്കു തരുന്ന സമ്മാനം. ഞങ്ങൾക്കു പുഴ നികത്തുവാൻ വളരെ പ്രയാസം. കുറച്ചു വല്ലതും നികത്തിയാൽ നികുതികൊടുത്തു കുഡുംബം മുടിയും. തിരുവിതാംകൂറിൽ നികത്തി തെങ്ങു കുലച്ചാലെ നികുതി വസൂലാക്കയുള്ളു. ഇവിടെ നികത്തിൽ തെയ്യു" വച്ചു ക്ഷണം കൊടുക്കണം നികുതി. അല്ലെങ്കിൽ തഹസീൽദാരും. പ്രട്ടതികളും അരിശം കൊള്ളും. കർഷകന്മാരോടു ക്രൂരമായി പെരുമാറുന്നതിനു കൊച്ചി ഭരണത്തെ ജയിപ്പാൻ വേറെ ഒരു ഭരണത്തിനും സാധിക്കയില്ലെന്ന കൃതാർത്ഥതയ്ക്കു ടി ഭരണത്തിനു ധാരാളം അവകാശമുണ്ടു്. പക്ഷെ കുറെ ഒക്കെ ഇനി ഒന്നു നോക്കി പ്രവൃത്തിക്കാഞ്ഞാൽ നികുതി തരുവാൻ ആളുണ്ടായിരിക്കയില്ലെന്നു ഗവർമ്മെണ്ടുധരിച്ചാൽ കൊള്ളാം.

ഗവർമ്മെണ്ടിനു ഈ വിഷയകമായി പറയാനുള്ളതു കേൾപ്പാൻ താല്പര്യപ്പെടുന്നു.

റാവു സാഹിബു" മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഗവർമ്മെണ്ടിൽ നിന്നും ക്രൂരതകൾ ഒന്നും പ്രവൃത്തിച്ചിട്ടില്ല. ഇനി പ്രവൃത്തിക്കയുമില്ല. എല്ലാറിനും ചില രൂഢികൾ ഉണ്ടു്. ഞാൻ കേട്ടിട്ടുള്ളതു തിരുവിതാംകൂറിനേക്കാൾ ഒട്ടും കുറയാതെ വളരെ ദയവായി കൊച്ചിയിൽ രാജ്യഭരണം നടത്തിവരുന്നു എന്നാണു്. അതുകൊണ്ടു് എന്തെങ്കിലും കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിനു വേണമെന്നു പൊതുവേ പറയാതെ ഇന്നകാലത്തു് ഇന്നമാതിരി, ഇന്നസ്ഥലത്തു് ഇന്നതു ചെയ്യണമെന്നു വിശദമായി പറഞ്ഞാൽ ഗവർമ്മെണ്ടു അന്വേഷണം നടത്തി നിവർത്തിയുള്ളതൊക്കെ ചെയ്തുകൊടുക്കാം. രാജ്യത്തു് വലിയ നികുതിയൊന്നും കലിവുമുട്ടുകൾക്കു ചുമത്താറില്ല. കലിവുമുട്ടിനു് സെൻറിനു വ ണ. മാത്രമെ വാങ്ങാറുള്ളു.

Mr. K. M. Ibrahim.—It is upon principle that I have brought it.

Rao Sahib Mr. T. V. Kasturi Ranga Ayyar.—We will consider it very carefully.

Mr. K. M. Ibrahim.—In the light of the assurance, I withdraw.

The motion was withdrawn with leave of the House.

Motion No. 2.

Mr. K. M. Ibrahim.—*To reduce the total allotment of Rs. 13,883 under Demand No. 1 by Re. 1*

Mr. K. M. Ibrahim.—Sir, I move this cut to draw the attention of the Government to the urgent necessity of taking preventive and relief measures against sea-erosion in Cranganur. The matter has been repeatedly brought to the notice of the Government to no effect. Some of the answers to my questions reveal that some agriculturists who owned land on the sea-board alone have lost all their lands and sunk into want and poverty. Steps were reported to have been taken in similar situations in the neighbourhood of Narakkal, while Cranganur was left ignored. My constituency consists of a large number of small cocoanut planters, most of whom are at the point of being drowned in the deeps of debts, with disproportionate rates of interest and it would be but a common act of humaneness, if the Government

LIBRARY ARCHIVES Kerala Legislative Assembly

would help them against the attack of the sea and confer consolatory concessions to those who have lost the land. I should like to know whether the Government have been impressed by the situation and whether they contemplate to act promptly in the matter.

Rao SahibMr.T.V.Kasturi Ranga Ayyar.—There have been erosions of sea, very disastrous, to the extent of 350 acres. I quite sympathise with the Hon'ble Member. What he says is true. Even the most powerful Government cannot go against the act of God. The Harbour Engineer-in-chief and the Chief-Engineer have adopted remedial methods of parallel groynes. They are concerting measures and trying something to minimise erosions at least. As regards the way of assessment there is the rule that lands can be relinguished. The policy of the Government is to give it to the old land owners. All these will be freely reassigned to them when these lands are reformed. I know that the erosion is very disastrous, for 2 miles from Eriad up to Munambam. We have lost a great deal. Travancore has lost a great deal. It is a most pitiful affair. Whatever is humanly possible for a Government will be done and has been done. But once more I say that nobody can act against the acts of nature. Whatever that is humanly possible will be done.

Mr. K. M. Ibrahim.—Can you give stone groynes?

Rao SahibMr.T.V.Kasturi Ranga Ayyar.—Mr.Bristow has suggested an ingenious method of parallel stone groynes. Those groynes are provided in certain places, and after those experiments are continued for some more period, the same thing can be done in Cranganur. We are considering the matter and we quite sympathise with it.

Mr. K. M. Ibrahim.—I have got a right of reply. The question was said to be under consideration of the Government for the last so many years. The question was repeatedly brought to their notice and I have had occasion to know that every time they were promising to show sympathy. All the same, in the light of the assurance of the Member for Government that urgent measures will be taken, I beg to withdraw.

Mr. K. Mohamed Seethi.—On a point of information. The Hon'ble Member was referring to the necessity of some relief in the matter of reclamation.

Deputy President.—That is a question which is not moved here.

Rao Sahib Mr. T. V. Kasturi Ranga Ayyar.—The question raised is about eroded lands.

LIBRARY ARCHIVES Kerala Legislative Assembly

The motion was withdrawn with leave of the House.

Question put: *that the Demand for Cranganur under Land Revenue be voted by the House.*

Motion carried.

IV—Co-operative Societies—Rs. 14,115.

Rama Varmha Tampuran.—I rise to move for a grant of Rs. 14,115 under IV—Co-operative Societies.

The details of the budget follow those of the previous years more or less and strictly there is no special item which requires explanation or elucidation. I request the House may be pleased to vote the entire grant.

Motion No. 1.

Mr. K. M. Ibrahim—*To reduce the total allotment of Rs. 22,000 under Demand No. IV by Re. 1.*

Mr. K. M. Ibrahim.—I have moved this cut to bring to the notice of the Government the necessity of widening the Co-operative Department with special reference to the depression of the times. The incessant activities of the co-operative institutions are now considered to be a major item of amelioration of the current economic distress. I find that a large number of Co-operative Societies have been liquidated recently. I wonder whether all of them were incurable cases, whether some breathing space and vigilance would not have mended their ways. The Government would do well to exercise extreme care in such matters in future.

I shall also mention here the undesirability of pressing for any local capital in these hard days before loans from the Central Banks or the Government are sanctioned to the societies. It would but in the fitness of things that the department supplies good starting capital to any society that may apply for the same.

I shall be glad to know how the Government have taken note of the position.

Mr. A. Sankara Puduval.—Sir, in my speech on the budget I have pointed out that Governmental help towards Co-operative Societies has been very stinted. The progress of the co-operative movement in the State would certainly have been greater, had propaganda work on right lines been conducted here. The allotments are barely sufficient to meet the salaries and the T. A. of the officers. Very little remains for actual co-operative work. At the present day when there is economic depression all round we may, I think, usefully follow the example of Travancore where, I am told, about three lakhs of rupees are going to be distributed on loans through such societies to the people at low rates of interest — 4 per cent. We find, here,

LIBRARY ARCHIVES Kerala Legislative Assembly

commodities very cheap, but we have not got money to buy them. We are starving in the midst of plenty, because we have not got cash, the current coin of the country, and the example of Travancore distributing the money through Co-operative Societies will be a very welcome relief at this hour. With these observations I support the motion.

Mr. P. Krishna Menon.—Sir, with regard to the relief of the general depression, many suggestions have been put forward and most of them have been met by one answer or another. I have been keeping quiet on the subject, not because that I have no interest in the matter, but after careful consideration I have not been able to arrive at a satisfactory, at least, presentable solution. Though we have heard so much about the economic depression, nobody has up-to-date complained of the dearth of materials which used to produce money. In other words, as hinted by my Hon'ble friend on the right, the dearth is not for raw materials upon which we used to live, but for ready cash, in other words, for coins, and the depression can be met if more money is made available for the people to transact their own business and to allow them to deal more in money. The only method is to allow or to induce people who have money to distribute as safely as possible and with the least difficulty. Now the only agency, so far as I can find now, is the Co-perative Societies that have spread over the whole country. No doubt, certain limitations will have to be placed on their actions as well. But with strict limitations and with a wise discrimination in selecting societies or investing with them, the powers to deal with money up to certain amounts, I think the difficulty, though not entirely removed, can be greatly minimised, if more money is made available to the people. Under the circumstances I find no person or body is able to distribute the money except the Government. Therefore it is my humble submission that the Government will look seriously into the matter whether they could not with perfect safety to themselves, distribute more money into the hands of the people and that advisedly through Co-operative Societies. With these words I support the motion.

Mr. C. A. Ouseph.—May I know what the motion is?

Deputy President.—To draw the attention of the Government to the slackness of the activities of Co-operative Societies with special reference to the depression of the time.

Mr. C.A. Ouseph.—I have been the target of several attacks, from several parts of the House, because, according to my poor lights, I was taking a practical view of things. Unfortunately, I have not been able to play to the gallery and, if I have not

LIBRARY ARCHIVES Kerala Legislative Assembly

been able to commend myself to the good opinions of several Members, it is not my fault. Whatever may be said from here or there, I don't think we are elected by voters to make this demand and that demand without having an eye on the practical side of things even though the demands may be in the interests of the people. I am glad that in this matter, without any restraint I can support the motion.

The co-operative movement has been for long in our midst and as the report will show, it has done some good work. That is a movement pregnant with possibilities for the future. I entirely agree with the Hon'ble Member for Cranganur that the pace at which the movement progresses is very slow. I have had a little to do with the co-operative movement. It is my sad lot to state that the supervision now exercised by the department over the actual working of societies leave room for much improvement. With regard to the point of the motion before the House, let us consider what, in view of the present depression, the Government can do. Large amounts of Government money lie in the Banks. The Government gets very little by way of interest. A portion of that money can be made available to such societies about which we can be sure that the money will be returned (*Hear, hear*). I can say that there are several societies in which to invest Government money will be very hazardous; but there are others which are working very well. The investments need not be made directly in the societies. There is the Cochin Central Co-operative Bank, Ltd. It is doing very good work. It is an absolutely solvent body. The Government can make the money available to the societies through the Co-operative Central Bank. The Central Bank will see that the money is made available to those societies that deserve to be helped and to which money can be lent without any danger. I commend this motion to the acceptance of this House.

Mr. E. Ikkanda Warriar.—Sir, I too have tabled a motion. I think it is the next motion and the main object of that motion is almost the same. I shall take this opportunity of saying one or two words so that I need not speak on the other.

The main object with which I tabled my motion is to request the Government to pay a little more attention in organising agricultural and Industrial Co-operative Societies. So far as we know, the Government or the department have devoted 97 per cent of their time and energy in organising only credit societies. I don't say that credit societies are not necessary. They have also their purposes to serve. In these days of economic depression the department must organise industrial and agricultural Co-operative Societies. I shall state the advantages of some of

LIBRARY ARCHIVES Kerala Legislative Assembly

these. In these parts there is a loud complaint that there is no market for the finished products. For instance, the coir making is practised as a cottage industry and many people are living upon it. Now-a-days it is not possible for them to make any profit out of them as they find absolutely no market for the coir they make. I suggest that the Government should go to such places and organise industrial Co-operative Societies and induce at least one member of every house to join them and to market their products through them. In that way the Government can do a lot of help. It will be one of the most practical suggestions that I can put forward to the Government, if they want to help the really aggrieved in the southern taluks. The same in the case with the agricultural societies. If they can go to an agricultural area, and induce some of the agriculturists to form themselves into a society, and through it give some pecuniary help and distribute money for purchasing seeds, bullocks, manure and other things and also enable them to sell their paddy. In these two directions the Government have to do a good deal. These facts have been brought to the notice of the Government several times by me during the last Council. I request them to pay more attention to this, especially at a time when there is so much economic depression and distress throughout the country. There is plenty of scope for the formation of any number of societies. They will have to strengthen the inspectorates or the organising officers of the Co-operative Department and carry on an intensive campaign. With these few words I support the motion.

Mr. K. Mohamed Seethi.—I may add a word or two in support of the motion. The co-operative movement has been looked upon as the movement for the relief of all the distress of the people. It has been looked upon and has been believed to be the panacea for all the evils that societies are labouring under. The fact is that if the co-operative movement is allowed its full play and worked in the right spirit in which it is conceived, it is bound to give the entire relief expected of it. That is an inevitable result. Of course, the first and foremost duty which the Co-operative Society has to fulfil would be to make available the money which the constituents of the society would be in need of and it is paucity and dearth of money that is the expressed manifestation of the distress that the country is passing through. The Hon'ble Mover of the cut and the Hon'ble Members who spoke in support of it have established the necessity for Government making available more funds than they used to do, and keeping them at the disposal of trustworthy Co-operative Societies. When the societies distribute loans among

LIBRARY ARCHIVES Kerala Legislative Assembly

their constituents they can to a great extent assuage sufferings of the people which they are enduring at the present day, I whole-heartedly support the motion and commend it to the acceptance of the Government.

Rama Varmha Tampuran.—Sir, so far as the exact purpose noted on the back of the cut motion is concerned, Government are quite in accordance with the wish of the mover. They whole-heartedly agree that there is ample room still for the co-operative movement in the State to expand. Agricultural Societies, industrial societies, all these will only be quite a useful adjunct to the credit society, that we have at present. And the Co-operative Department, I may assure the House, is ever ready to place its technical knowledge or its experience at the disposal of any body of persons willing to organise such a society. They can go to every possible extent to give help and aid to such new societies in the field. But from our experience, we find that the demand of the country has been more for credit societies. Most probably the one difficulty people had was in dealing with money lenders and when that difficulty was once obviated by the starting of credit societies, the need of the masses to a great degree was satisfied. I do not say at all that the ideal has been achieved. If, with the advancement of education, with a better realisation of the virtues and possibilities of the co-operative movement, people one day come forward and request that they may be helped to start agricultural societies, the Department will only be glad to render them all aid. Never do they stand against that. They do all that is possible to encourage the extension of the movement. The Central Co-operative Society is organised to disseminate among the masses the greater advantages of the co-operative movement and the possible lines of advancement. The Central Bank also, Sir, I may inform the House, has a duty in the matter. It is not simply a central institution where funds could be distributed and where funds could be collected. It does not exist merely for that. It is also an institution which is supposed to take a lively interest in the organisation of the new societies. The Department's aim also is that. If the people are willing, the Department and the Government will only be very glad to render all possible help.

Then, Sir, I come to the point, raised by the Hon'ble Member for Trichur, that more money may be made available to the public through the Co-operative Societies. I endorse the remark of the Member for Anthikkad that the proper way to do that will be by making more Government money available at the Central Bank. Government of course cannot deal with

LIBRARY ARCHIVES Kerala Legislative Assembly

each and every society. That would be the work of the Central Bank to do. At present all the security amounts of the Government servants are allowed to be deposited at the Central Bank and there is a good portion of money under that head in that Bank. Government have given them a considerably large loan of about Rs. 25,000. Till now no request has come from the Central Bank or for the matter of that from any Co-operative Society for further funds from the Government. If such a request comes and provided Government could satisfy themselves that money could be entrusted to any of these Banks and Societies, consistent with safety, they won't have any serious objection to help them in that way. These are, I think, Sir, the two main points that were stressed here.

Mr. K. M. Ibrahim.—On a point of information. Will the Hon'ble Member kindly tell me, is it essential that there must be some local capital before loans are granted to the Co-operative Societies ?

Rama Varmha Tampuran.—It is an arrangement between the Society and the Bank. Government have nothing to do in the matter. Government do not give any amount or loan to individual societies.

Mr. K. Mohamed Seethi.—Has the Registrar anything to do with the working of the Central Bank ?

Rama Varmha Tampuran.—The Registrar has no money for the purpose. No funds are made available with him for the purpose referred to.

Mr. K. Mohamed Seethi.—Can he restrain the conduct of the Central Bank ? Has he anything to do with the working of the Central Bank ?

Rama Varmha Tampuran.—Not very much. He can advise them to some extent. In certain matters they have also to get the approval of the Registrar. Only in that way has the Registrar any control. He has no direct hand in the management.

Deputy President.—No more question. The Hon'ble Member can reply.

Mr. K. M. Ibrahim.—May I ask an information whether the Central Bank makes it a point that there must be a local capital ?

Rama Varmha Tampuran.—Most probably it does. Otherwise its money will be lost.

Mr. K. M. Ibrahim.—Probably the Government is sure.

Rama Varmha Tampuran.—I should refer to the rules. If the Government has anything to do with the Bank it is in the framing of the rules. They have nothing more to do.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar.—They lend only to village societies.

Deputy President.—There should be no more talk about it. Only reply.

Mr. K. M. Ibrahim.—I am glad that the Member for the Department has viewed the situation as is expected of him to do. Since the Government accepts the principle that more encouragement should be given to the societies, I would press the motion just to strengthen that, to have a more forward policy in the matter.

Deputy President.—Do you press that the cut motion should be put to the votes?

Rama Varmha Tampuran.—If it is entirely as it is in the cut motion, we will accept it.

The motion was withdrawn with leave of the House.

Deputy President.—We have no time to take up the others. We will adjourn.

The House rose for the day at 5 p. m.

C. J. MATHEW,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly